# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.10) 1783/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/12/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.10) 1783/2024

തീയ്യതി: 27/12/2024

# എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എം.വി.സിനി | ജോയിന്റ് ഡയറക്ടർ | 05-12-2024 | 13-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-12-2024 | 13-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പോളി ടി.ഒ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.പ്രവീൺ ഷേണായി ജെ., ഓഡിറ്റ് ഓഫീസർ
ശ്രീമതി കവിത എസ്.കണ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സഫിയ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജിഷ ആൻ ജേക്കബ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രസികല പ്രിയരാജ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി ബി.അജിത | സെക്രട്ടറി | 01-04-2023 | 11-06-2023 |
| ശ്രീ ആന്റണി സി ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-06-2023 | 12-07-2023 |
| ശ്രീമതി ലിമി ആന്റണി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2023 | 18-07-2023 |
| ശ്രീമതി ബി.അജിത | സെക്രട്ടറി | 19-07-2023 | 25-11-2023 |

| | | | |
|---|---|---|---|
| ശ്രീമതി ലിമി ആന്റണി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-11-2023 | 04-12-2023 |
| ശ്രീമതി ദ്വിതീയശ്രീ സുബ്രൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-12-2023 | 08-12-2023 |
| ശ്രീമതി ലിമി ആന്റണി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-12-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ആന്റണി സി ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 12-07-2023 |
| ശ്രീമതി ലിമി ആന്റണി | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2023 | 31-03-2024 |
| ശ്രീമതി സിന്ധു എസ് | അസി.എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി ശീതൾ ബാബു | കൃഷി ഓഫീസർ | 01-04-2023 | 29-11-2023 |
| ശ്രീമതി ചന്ദന എസ് അശോക് | കൃഷി ഓഫീസർ | 30-11-2023 | 31-03-2024 |
| ശ്രീമതി ശാലിനി എം എം | വി.ഇ.ഒ എളങ്കുന്നപ്പുഴ | 01-04-2023 | 21-07-2023 |
| ശ്രീ അരുൺ കുമാർ എൻ കെ | വി.ഇ.ഒ എളങ്കുന്നപ്പുഴ | 22-07-2023 | 01-09-2023 |
| ശ്രീമതി മരിയ റോസി ഫിബി | വി.ഇ.ഒ എളങ്കുന്നപ്പുഴ | 02-09-2023 | 31-03-2024 |
| ശ്രീ വിജയ് വി ജി | വി.ഇ.ഒ, വൈപ്പിൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.അഞ്ചു എയ്ഞ്ചൽ അലക്സ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2023 | 31-03-2024 |
| ഡോ ടിനു റെജീന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ശ്രീമതി രേഖ.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ജിസ്മൽ ഹൈന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.സൈറ പി.എം | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ മധു കെ ടി | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷൈമ.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.നീമ ബേസിൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 17-09-2023 |
| ഡോ രാധാമണി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 18-09-2023 | 31-03-2024 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-3 |
| 5 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തികവിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ | 1-10 |
| 15 | IFTE & OS ലൈസൻസ് അപാകതകൾ | 1-11 |
| 16 | തൊഴിൽ നികുതി അപാകതകൾ | 1-12 |
| 17 | വാടക - അപാകതകൾ | 1-13 |
| 18 | എയർ കണ്ടീഷനിംഗ് ഇനത്തിൽ വർദ്ധനവ് നൽകാതെ വസ്തുനികുതി നിർണ്ണയിച്ചു | 1-14 |
| 19 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത സംബന്ധിച്ച് | 1-15 |
| 20 | സാമൂഹ്യ സുരക്ഷ പെൻഷൻ - അപാകതകൾ | 1-16 |
| 21 | രോഗനിർണ്ണയ പ്രതിരോധ പ്രവർത്തനങ്ങളും സൗകര്യം ഒരുക്കലും - ഉപകരണങ്ങൾ ഇൻസ്റ്റലേഷൻ നടത്തുകയോ | 1-17 |

| | | |
|---|---|---|
| | പ്രവർത്തിപ്പിക്കുകയോ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു | |
| 22 | മത്സ്യതൊഴിലാളികൾക്ക് വള്ളം-രജിസ്ട്രേഷൻ /ലൈസൻസ് രേഖകളില്ല | 1-18 |
| 23 | പൊതുടാപ്പുകളുടെ വെള്ളക്കരം-ബില്ലിലെ ഫൈൻ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-19 |
| 24 | ലൈഫ് പദ്ധതി- ഭവന നിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-20 |
| 25 | വനിത തൊഴിൽ പരിശീലന കേന്ദ്രം-പദ്ധതി ലക്ഷ്യം കണ്ടില്ല-31,02,258/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ഐ.കെ.എം-1,74,855/-രൂപ തടസ്സം | 1-22 |
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-കെ.എസ്.ഇ.ബി-2,36,476/-രൂപ തടസ്സം | 1-23 |
| 28 | ബയോപോട്ട് വിതരണം- ജി.എസ്.ടി.ഐ.എൻ. സസ്പെന്റ് ചെയ്ത കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു | 1-24 |
| 29 | വാട്ടർ കണക്ഷൻ ഇല്ലാതെ വാട്ടർ ചാർജ് ഇനത്തിൽ നൽകിയ തുക 13,033/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 30 | അഡ്വക്കേറ്റ് ഫീസിനത്തിൽ തനത് വർഷം നൽകിയ തുക 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു- | 1-26 |
| 31 | പേവിഷ നിർമ്മാർജ്ജനം - കുത്തിവയ്പ്പ് നൽകിയ നായകൾക്ക് പഞ്ചായത്ത് ലൈസൻസ് ലഭ്യമാക്കിയില്ല | 1-27 |
| 32 | പുതുവൈപ്പ് പി എച് സി റോഡ് സൈഡ് വാൾ - GSB പ്രവൃത്തി വീണ്ടും ചെയ്തത് - ₹241055/- തടസ്സപ്പെടുത്തുന്നു. | 1-28 |
| 33 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - തുക | 1-29 |

| | | |
|---|---|---|
| | ഗുണഭോക്താവിന് ലഭ്യമായില്ല | |
| 34 | മരം വെട്ടി മാറ്റുന്നതിന് തുക നൽകിയത് അംഗീകരിക്കുന്നില്ല. 1,20,000/- രൂപ നിരാകരിക്കുന്നു | 1-30 |
| 35 | തനത് വർഷത്തെ ചെലവുകുൾ അടുത്ത വർഷമാണ് അക്കൌണ്ട് ചെയ്യുന്നത് | 1-31 |
| 36 | കാരിക്കശ്ശേരി വെസ്റ്റ് ലിങ്ക് റോഡ് - റീ കോൺക്രീറ്റിംഗ്, കവർ സ്ലാബ് - സ്ലാബിന് അധികം കമ്പി ഉപയോഗിച്ചത് അധികം നൽകിയ 51,293/- രൂപ നിരാകരിക്കുന്നു. | 1-32 |
| 37 | വിവിധ കാനകൾ ക്ലീനിംഗ് - വാർഡ് - 14 ചെയ്ത പ്രവൃത്തിയേക്കാൾ അധികം തുക നൽകിയത് 1,38,806/-രൂപ നിരാകരിക്കുന്നു. ഉദ്യോഗസ്ഥന് എതിരെ നടപടി സ്വീകരിക്കേണ്ടതാണ്. | 1-33 |
| 38 | എസ്റ്റിമേറ്റിനേക്കാൾ വളരെയധികം സ്ലാബ് പണിതത് ആവശ്യകത വ്യക്തമല്ല. | 1-34 |
| 39 | കൈമൾ ചിറ ഈസ്റ്റ് റോഡ് ടൈൽ വിരിക്കൽ - സ്ലാബ് പിടിച്ചിട്ടതിന് കൂലി നൽകിയത് അപാകത | 1-35 |
| 40 | പരുത്തി കടവ് റോഡ് ഫില്ലിംഗ്- GSB മാത്രം ചെയ്യുന്നത് | 1-36 |
| 41 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം ലഭ്യമല്ല. | 1-37 |
| 42 | പി ജെ പ്രിൻസ് റോഡ്, കവർ സ്ലാബ് - അധികം കമ്പി ഉപയോഗിച്ചത് | 1-38 |
| 43 | പി കെ പ്രഭാകരൻ റോഡ് കാന മെയിന്റനൻസ്, കവർ സ്ലാബ് അധികം കമ്പി ഉപയോഗിച്ചത് | 1-39 |
| 44 | എളംകുന്നപുഴ നാറാണത്ത് ടെമ്പിൾ റോഡ് കവർ സ്ലാബ്- അധികം കമ്പി ഉപയോഗിച്ചത് | 1-40 |
| 45 | വട്ടത്തറ റോഡ് കോൺക്രീറ്റിംഗ് , പ്രൊട്ടക്ഷൻ വാൾ - നിലവിലുണ്ടായിരുന്ന സംരക്ഷണഭിത്തി ഇടിഞ്ഞുപോയത് പൊളിച്ച് മാറ്റിയത് | 1-41 |

| | | |
|---|---|---|
| 46 | വട്ടത്തറ റോഡ് കോൺക്രീറ്റിംഗ്, പ്രൊട്ടക്ഷൻ വാൾ നിലവിലുണ്ടായിരുന്ന സംരക്ഷണഭിത്തി പൊളിച്ച് മാറ്റിയത് | 1-42 |
| 47 | റോഡുകളിൽ മുഴുവൻ ഏരിയായും GSB- പ്രവൃത്തി ചെയ്യുന്നത് ആവശ്യകത വ്യക്തമല്ല. | 1-43 |
| 48 | മിനി ഫാം ആധുനികവൽകരണം- അപാകതകൾ | 1-44 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വിവിധ കാനകൾ ക്ലീനിംഗ് - വാർഡ് - 14 ചെയ്ത പ്രവൃത്തിയേക്കാൾ അധികം തുക നൽകിയത് 1,38,806/-രൂപ നിരാകരിക്കുന്നു. ഉദ്യോഗസ്ഥന് എതിരെ നടപടി സ്വീകരിക്കേണ്ടതാണ്. | 3-1 |
| 2 | മരം വെട്ടി മാറ്റുന്നതിന് തുക നൽകിയത് അംഗീകരിക്കുന്നില്ല. 1,20,000/- രൂപ നിരാകരിക്കുന്നു | 3-2 |
| 3 | കാരിക്കശ്ശേരി വെസ്റ്റ് ലിങ്ക് റോഡ് - റീ കോൺക്രീറ്റിംഗ്, കവർ സ്ലാബ് - സ്ലാബിന് അധികം കമ്പി ഉപയോഗിച്ചത് അധികം നൽകിയ 51,293/- രൂപ നിരാകരിക്കുന്നു. | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്ന കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശ അനുസരിച്ച് **06.07.2024** ലെ **1(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറ **06.07.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **എളങ്കുന** **ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെ ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ട കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുക വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെ ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റു വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓ നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളു അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ല ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനു റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തു

<u>**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**</u> അനുബന്ധ റിപ്പോർട്ടിലെ യോഗ്യ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ നിരീക്ഷണങ്ങൾക്ക് വിധേയമായി, **എളങ്കുന്നപ്പുഴ ഗ്രാമ** പഞ്ചായത്തിന്റെ 202

വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കു സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം :** **എറണാകുളം**

**തീയതി:** **27.12.2024** **ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപത്രിക, സഞ്ചയകണക്കുകളും തമ്മ പൊരുത്തപ്പെടുന്നില്ല.

## 1-1-2 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 23-24 കാലയളവിലെ "Net Increase (Decrease) In Cash Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹7709035/- ആണ്. എന്നാൽ ഉ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആ രേഖപ്പെടുത്തിയിട്ടുള്ളത് -₹1754439/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേ പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-4 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് 27.03.2023-ലെ 1(1) നമ്പർ തീരു പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ആയത് 28.02.2024 ലെ 1(1) -ാം ന തീരുമാന പ്രകാരം താഴെപ്പറയും പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരുപ്പ് | ₹3,26,56,981.00 |
| വരവ് | ₹36,19,64,986.00 |
| ആകെ | ₹39,46,21,967.00 |
| | |

| | |
|---|---|
| ചെലവ് | ₹37,32,72,237.00 |
| നീക്കിയിരുപ്പ് | ₹2,13,49,730.00 |

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,74,79,742.00 |
| വരവ് | 16,06,58,109.00 |
| ആകെ | 19,81,37,851.00 |
| ചെലവ് | 15,29,49,074.00 |
| നീക്കിയിരിപ്പ് | 4,51,88,777.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | ലാപ്സായ തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 41258000 | 41258000 | 32694375 | 8563625 | |
| വികസനഫണ്ട്-SCP | 0 | 11476000 | 11476000 | 8709810 | 2766190 | |
| വികസനഫണ്ട്-TSP | 0 | 128000 | 128000 | 67899 | 60101 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7998000 | 7998000 | 2973108 | 5024892 | |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 3885400 | 3885400 | 3525468 | 359932 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസിക് | 5353880 | 3904066 | 9257946 | 5297076 | | 3960870 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് | 12422305 | 5124000 | 17546305 | 6250645 | | 11295660 |
| ഫസ്റ്റ് മീൽ പ്രോഗ്രാം 320100131 | 953347 | 7675957 | 8629304 | 8133515 | | 495789 |
| ബി.എസ്.യു.പി 320100108 | 3194668 | 88757 | 3283425 | 0 | | 3283425 |
| ടി.എസ്.സി 320100115 | 510737 | 67 | 510804 | 378250 | | 132554 |
| ഐസിഡിഎസ് 320100196 | 2479776 | 2701748 | 5181524 | 2270030 | | 2911494 |
| എൻ.പി.ആർ.പി.ഡി 320100127 | 977035 | 1250000 | 2227035 | 0 | | 2227035 |
| കെ.ആർ.എൽ 320800199 | 978516 | 0 | 978516 | 649 | | 977867 |
| വിമുക്തി 320200299 | 39093 | 100000 | 139093 | 0 | | 139093 |

| | | | | | | |
|---|---|---|---|---|---|---|
| ജനകീയാസൂത്രണം 320100152 | 42062 | 1168 | 43230 | 88 | | 43142 |
| MLA ഫണ്ട് 320200307 | 455892 | 0 | 455892 | 0 | | 455892 |
| ശുചിത്വമിഷൻ 320100198 | 2887922 | 0 | 2887922 | 0 | | 2887922 |
| റൂറൽ ഹൌസിംഗ് 320100160 | 3910000 | 8700000 | 12610000 | 11190324 | | 1419676 |
| നാഷണൽ ഹെൽത്ത് മിഷൻ 320200207 | 450000 | 0 | 450000 | 447241 | | 2759 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) 320100202 | 494205 | 1438892 | 1933097 | 1667514 | | 265583 |
| ഹെൽത്ത് ഗ്രാന്റ് (Health And Wellness Centre) 320100204 | 165576 | 570013 | 735589 | 545859 | | 189730 |
| ഹെൽത്ത് ഗ്രാന്റ് (For Building) 320100203 | 0 | 5637696 | 5637696 | 0 | | 5637696 |
| ഡൊണേഷൻ (Epidemic Control-Head : 320900102) | 525750 | 0 | 525750 | 0 | | 525750 |
| സ്വച്ഛ് ഭാരത് അഭിയാൻ 320100174 | 0 | 1570360 | 1570360 | 1570360 | | 0 |
| സാക്ഷരത 320100197 | 0 | 2000 | 2000 | 2000 | | 0 |

1) ഉത്ഭവത്തിൽ കുറവ് ചെയ്ത ₹61,88,221/- വികസന ഫണ്ട് ജനറൽ വിഭാഗത്ത ₹18,45,666/-എസ് സി പിയിലും, 27,899/-ടി എസ് പിയിലും വരവിലും ചെലവ ഉൾപ്പെടുന്നുണ്ട്.

2) CFC ബേസിക് ഗ്രാന്റ് വരവ് തുകയിൽ (Basic) 488066/-രൂപ പലിശ ഉൾപ്പെട്ടിട്ടുണ്ട്.

3)ടി.എസ്.സി- 320300103 നമ്പർ ഹെഡിൽ മുൻവർഷം നീക്കിയിരുപ്പായുണ്ടായിരുന്ന 67/- തൻവർഷം 320100115 -ാം നമ്പർ ഹെഡിലേയ്ക്ക് മാറ്റി 320300103 നമ്പർ ഹെ ഒഴിവാക്കിയിട്ടുണ്ട്.

4) <u>ഹെൽത്ത് ഗ്രാന്റ്</u>
320100202- വരവിൽ 25892 /-രൂപ പലിശ ഉൾപ്പെട്ടിട്ടുണ്ട്.
320100203-വരവിൽ 87696 /-രൂപ പലിശ ഉൾപ്പെട്ടിട്ടുണ്ട്.
320100204-വരവിൽ 9013 /-രൂപ പലിശ ഉൾപ്പെട്ടിട്ടുണ്ട്.

**5)**ലൈഫ് സംസ്ഥാനവിഹിതം-320300199ാം ഹെഡിൽ മുൻവ നീക്കിയിരുപ്പായുണ്ടായിരുന്ന 3744564/- രൂപയിൽ 1910000/- രൂപ റൂറൽ ഹൗസിംഗ് ഹെഡിലേയ്ക്ക് (മുന്നിരിപ്പിലേയ്ക്ക്) മാറ്റിയിട്ടുണ്ട്. ഇതിൽ അവശേഷിച്ച 1834564/-രൂപ റവന്യൂ ഗ്രാന്റിൽ പെടുത്തി ചെലവഴിച്ചതിനാൽ 320300199-ാം നമ്പർ ഹെഡ് തൻവ ഒഴിവാക്കിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെചേർക്ക

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർത്തിയാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 356 | 237185798 | 105956214 | 110 | 86 | 160 | 30.89% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹2428 | ₹12,27,890 | ₹12,30,318 | ₹12,30,318 | ₹0.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹1,90,98,682 | ₹1,90,98,682 | ₹1,90,98,682 | - |
| ആകെ | ₹2428 | ₹2,03,26,572 | ₹2,03,29,000 | ₹2,03,29,000 | ₹0.00 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹13,06,600 | 106 |
| വിധവാപെൻഷൻ | ₹2,18,99,000 | 2064 |
| വാർദ്ധക്യകാല പെൻഷൻ | ₹4,55,84,800 | 4622 |
| വികലാംഗപെൻഷൻ | ₹52,64,300 | 465 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹18,83,000 | 174 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | ₹1,50,000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാല പരിശോധന 07.12.2024 തീയതിയിൽ ഉച്ചയ്ക്ക് 3.00 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത നടത്തി. ക്യാഷ് ബാലൻസ് ₹ 20,214/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1)പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ട എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയി ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അവതരിപ്പിക്കേണ്ടതാണ്.

2)ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള 24 ഓളം ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓ റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നട സ്വീകരിക്കേണ്ടതാണ്.

3)ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന സംസ്ഥാന വിഹിതതുക എസ്.ബി യിലുള്ള ഓൺലൈൻ പേയ്മെന്റ് അക്കൗണ്ടിലാണ് വരവാകുന്നത്. വസ്തുനികുതി ഇടപാടുകള മുഖ്യമായി മേൽ അക്കൗണ്ടിലൂടെ കൈകാര്യം ചെയ്യുന്നത് എന്നതിനാൽ പണമിടപാടുക ബാഹുല്യം മൂലം ലൈഫ് തുകയുടെ വരവ്-ചെലവ് കണക്കുകൾ വേർതിരിച്ച് എടുക്കു ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയതിനാൽ ലൈഫ് തുക തനത് ഫണ്ട് നിക്ഷേപിക്കുന്ന അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സ്റ്റേറ്റ് ഷെയർ ചെക്ക് മു പിൻവലിച്ച് ബന്ധപ്പെട്ട ബാങ്കിലേയ്ക്കും തുടർന്ന് ബാങ്ക് ആയത് ഗുണഭോക്താക്ക അക്കൗണ്ടിലേയ്ക്കും ആണ് കൈമാറുന്നത്. ഇപ്രകാരം കൈമാറുന്ന തുകകൾ ഗുണഭോക്താക്ക അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റായി എന്ന് ബാങ്ക് സാക്ഷ്യപ്പെടുത്തി നൽകുന്ന സ്റ്റേറ്റ്മെന്റ് കൈ പദ്ധതി ഫയലിനൊപ്പം സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-10 മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ

എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണം ഹരിതകർമ്മസേനയി നടപ്പാക്കുന്നതിന് 2017 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്ന പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചു ചേർക്കുന്നു.

### 1. അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട എളങ്കുന ഗ്രാമപഞ്ചായത്തിന് 22.27 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 23 വാർഡുക പഞ്ചായത്തിലെ ജനസംഖ്യ 55620 ആണ്. ആൾതാമസമുള്ള 8432 വീടുകളും സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 2017 ലാണ് ഹരിതകർമ്മസേന ഇവിടെ രൂപീകരി

23 വാർഡുകളിലുമായി ആകെ 59 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാല
ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ട് വരുന്നു. ഒരേ അംഗങ്ങൾ തന്നെ പല വാർഡുക
പ്രവർത്തിക്കുന്നുണ്ട്. വാർഡുകൾ തിരിച്ചുള്ള അംഗങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു,

| വാർഡ് | ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം |
|---|---|
| 1,3,8,13,16,17,18,21,22 | 3 (27 അംഗങ്ങൾ) |
| 2,6,10 | 4 (12 അംഗങ്ങൾ) |
| 4,5,7,9,12,14,15,19,20 | 2 (18 അംഗങ്ങൾ) |
| 11,23 | 1 (2 അംഗങ്ങൾ) |
| 23 വാർഡുകൾ | 59 അംഗങ്ങൾ |

**<u>മാലിന്യ ശേഖരണ കാര്യക്ഷമത</u>**

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണ
കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മാലിന്യശേഖരണത്തിനായി കല
തയ്യാറാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും യൂസർഫീ കാ
നല്കിയിട്ടുണ്ട്. ഈ കാർഡിൽ തന്നെ പ്ലാസ്റ്റിക്ക് മാലിന്യം കൂടാതെ ഓരോ മാസവും ശേഖരിക
മറ്റു മാലിന്യങ്ങളുടെ വിവരങ്ങൾ അടങ്ങിയ കലണ്ടറും ഉൾപ്പെടുത്തിയിട്ടുണ്ട്. ഹരിതകർമ്മ
ഇത് പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിച്ചു വരുന്നത്.

**<u>മാലിന്യ വേർതിരിവ് പാലിക്കൽ</u>**

പഞ്ചായത്തിൽ ആകെ 23 മിനി എം.സി.എഫുകൾ ആണുള്ളത്. ശേഖരിക്കുന്ന മാലിന്യ
പരമാവധി ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിച്ചാണ് എത്തിക്കുന്നത്. പഞ്ചായത്ത
സ്വന്തം കെട്ടിടത്തിൽ വാർഡ് 11, പുതുവൈപ്പിനിലാണ് എം സി എഫ് പ്രവർത്തിക്കുന്നത്.

**<u>റീസൈക്ലിംഗ്</u>**

പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികൾ ഒന്നും പഞ്ചാ
സ്വീകരിച്ച് വരുന്നില്ല. പാതയോരങ്ങളിലും പൊതുഇടങ്ങളിലും ബിന്നുകൾ സ്ഥാപിക്കുന്നതി
പദ്ധതിയും സ്വാപ് ഷോപ്പുകൾ പോലുള്ള സംവിധാനങ്ങളും നടപ്പാക്കിയിട്ടില്ല. എന
പെട്രോനെറ്റ് എൽ.എൻ.ജി യുടെ സ്പോൺസർഷിപ്പിൽ മൂന്ന് ബീച്ചുകളിലായി ബോ
ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. ബയോപോട്ട്, ബയോഗ്യാസ് എന്നിവ ഉൾപ്പെടെ
ഗാർഹികമാലിന്യസംസ്കരണ ഉപാധികൾ ജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

**<u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>**

ഗ്രാമസഭ, സ്കൂളുകൾ, റസിഡന്റ് അസോസിയേഷൻ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്ക
രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാട
സംഘടിപ്പിച്ചിട്ടുണ്ട്.

**<u>തൊഴിൽ സൃഷ്ടിക്കൽ</u>**

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹44,50,300/- വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും ക
ചെയ്യുന്ന യൂസർ ഫീ-യുടെ 90% വേതനമിനത്തിൽ നൽകുന്നുണ്ട്. ഒരംഗത്തിന് പ്രതിമ
₹7000.00 രൂപ വരുമാനമായി ലഭിക്കുന്നുണ്ട്. 12000/- രൂപയിൽ കൂടുതൽ വരുമാനമുള്ള
വാർഡുകൾ ഉണ്ട്. 6 ഇനം മിക്സഡ് വേസ്റ്റ് വേർതിരിക്കുന്നതിൽ നിന്നും (PPP-Print
Propylene, HM-High Molecular, LD-Low Density, SLD-Super Ld, MLP- Multy Layer Plastic, (
മെച്ചപ്പെട്ട വരുമാനം അംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഘടകസ്ഥാപനങ്ങളിലും പഞ്ചായത്തില
സേവനങ്ങൾക്ക് ഗ്രീൻ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്.

**<u>അടിസ്ഥാന സൗകര്യവികസനം</u>**

മാലിന്യനീക്കത്തിനുള്ള വാഹനം സ്പോൺസർഷിപ്പിലൂടെ ലഭ്യമായിട്ടുണ്ട്. (ഇ-ഓട്ടോ-KL-
5745) അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി വരുന്നു. ഹരിതകർമ്മസേന
പ്രവർത്തനങ്ങൾക്കായി ഓഫീസ് സംവിധാനം സജ്ജീകരിച്ചിട്ടില്ല.

**<u>പാരിസ്ഥിതിക ആഘാതം</u>**

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് നിശ്ചിത ഇടവേളക
പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. മാലിന്യനിക്ഷേ
നിരീക്ഷിക്കുന്നതിനായി പൊതുനിരത്തുകളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടില്ല. എന
എം.സി.എഫിൽ ക്യാമറ വച്ചിട്ടുണ്ട്.

**<u>പരിശീലനവും വികസനവും</u>**

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, സ്
ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം കൂടാതെ തീപിടുത്തം നേരിടു
സംബന്ധിച്ച പരിശീലനവും നൽകിയിട്ടുണ്ട്.

**<u>ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം</u>**

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള റിവ്യൂ മീറ്റിംഗ് എല്ലാ മാസ
ചേരുന്നുണ്ട്. ക്യൂ ആർ കോഡ് പതിപ്പിക്കൽ പൂർത്തിയാക്കി സ്മാർട്ട് ഗാർബേജ് മോണിട്ട
സിസ്റ്റം പ്രവർത്തന ക്ഷമമായിട്ടുണ്ട്.

**<u>II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)</u>**

<u>1.അടിസ്ഥാന വിവരങ്ങൾ</u>

നിലവിൽ 110 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള എംസിഎഫ് വാർഡ് 11-ൽ പ്രവർത്തിക്കുന്നു. റേ
സൗകര്യം ഉണ്ട്. ഒരു വലിയ ഹാൾ, വസ്ത്രം മാറുന്നതിനുള്ള മുറി, ടോയ
എന്നിവയടങ്ങുന്നതാണ് കെട്ടിടം. ഇലക്ട്രിക് കണക്ഷൻ ലഭ്യമായിട്ടില്ല എന്നതാണ് പ്ര
പോരായ്മ. സെഗ്രഗേഷൻ ടേബിളും ബെയിലിംഗ്-ഷ്രെഡിംഗ് യൂണിറ്റുകളും എം.സി.എഫ
ഇല്ല. ഫയർ എക്സ്റ്റിംഗ്വഷർ രണ്ടെണ്ണം ഉണ്ട്. ബെയിലിംഗ് മെഷീൻ വാങ്ങുന്നതിന
എംസിഎഫ് നവീകരണത്തിനായും അടുത്ത സാമ്പത്തിക വർഷം പദ്ധതി
ഏറ്റെടുത്തിട്ടുണ്ടെന്ന് വി.ഇ.ഒ അറിയിച്ചു. 1000 സ്ക്വ.ഫീറ്റ് സോർട്ടിംഗ് ഏരിയയും വരും വ

പൂർത്തീകരിക്കും എന്നും വ്യക്തമാക്കി.

**2. മാലിന്യ കൈമാറ്റ കാര്യക്ഷമത**

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഓരോ മാസവും 25ാം തീയതിക എം.സി.എഫിലേയ്ക്ക് എത്തിക്കുന്നുണ്ട്. പിന്നീട് കരാർ സ്ഥാപനത്തിന് മാലിന്യം കൈമാറുന

**3. മാലിന്യ സംഭരണ ശേഷി**

എംസിഎഫിന് 110 ച. മീ വിസ്തൃതിയുണ്ട്. പരമാവധി 30 ദിവസം വരെ മാലിന്യം സംഭ സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

**4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ‌ തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഷൂസ്, ട്രോളി എന്നിവ വിതര ചെയ്തിട്ടുണ്ട്. സേനാംഗങ്ങളുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് കൂടുതൽ മിനി എംസിഎഫു സ്ഥാപിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

**5. ശുചിത്വമാനദണ്ഡങ്ങൾ**

എം സി എഫ് പരിസരം ശുചിയായി തന്നെ സൂക്ഷിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ചാക്കിൽ അടുക്കി സൂക്ഷിക്കുന്നുണ്ട്. കുടിവെള്ള ലഭ്യതയും ശുചിമുറിയും ഉണ്ട്.

**6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ**

വേർതിരിക്കാത്ത മാലിന്യം നീക്കം ചെയ്യുന്നതിന് കിലോഗ്രാമിന് 6/-രൂപയാണ് കരാറുക നൽകുന്നത്. ഇ-മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടി വന്നിട്ടില്ല. മാലിന്യങ്ങൾ യഥാസ കൈമാറുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ 2023 ഒക്ടോബർ മാസം വരെ ക്ലീൻ കേരള കമ്പ പിന്നീട് തിരുവോണം എക്കോ ഇൻഡസ്ട്രീസിനുമാണ് മാലിന്യനീക്കത്തിന് ക നൽകിയിട്ടുള്ളത്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ:**

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്ക്ക എന്നതിനാൽ തന്നെ ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം അ പ്രാധാന്യമുള്ളതാണ്. റിവ്യൂ മീറ്റിംഗിൽ മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ചും നിലവ പ്രവർത്തനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും ചർച്ച ചെയ്ത് അംഗങ്ങൾക്ക് നിർദ്ദേശ നൽകേണ്ടതാണ്. ഹരിതകർമ്മസേനാംഗങ്ങൾക്ക് മെഡിക്കൽ ചെക്കപ്പിനുള്ള സൗ ഒരുക്കേണ്ടതാണ്. ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, നീക്കം ചെയ്യൽ എ ഏകോപിപ്പിക്കുന്നതിന് നിലവിലുള്ള സൗകര്യം പര്യാപ്തമല്ല എന്ന് കാണുന്നു. ബെയില യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവയടക്കം എംസിഎഫ് പരിപാലനം സംബന്ധ മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ സംവിധാനങ്ങളും എംസിഎഫി-ൽ സജ്ജീകരിക്കേണ്ടത സെഗ്രഗേഷൻ ടേബിൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളും മെഷീനറികളും സജ്ജീകരിക്കു വരുമാന വർദ്ധനവിന് ഉപകരിക്കും. എം സി എഫിൽ ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കു നടപടി സ്വീകരിക്കേണ്ടതാണ്. വാഹനം ലഭ്യമായെങ്കിലും കരാറടിസ്ഥാനത്തിൽ ഡ്രൈ

നിയമിച്ചാണ് വാർഡുകളിൽ നിന്ന് എം.സി.എഫി ലേയ്ക്ക് മാലിന്യം നീക്കം ചെയ്യു ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി ഈ ചെ ഒഴിവാക്കാവുന്നതാണ്. വി.ഇ.ഒ. തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ മേൽനോട്ടത മാത്രമായി ചുമതലപ്പെടുത്തേണ്ട അത്രയും പ്രവർത്തനം മാലിന്യ സംസ്കരണത്തിനായി റേ വരുന്നുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയും, പകരം പരിസ്ഥ സൗഹൃദമായ പുനരുപയോഗ സാധ്യതയുള്ള വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പ ഗ്രാമപഞ്ചായത്തിന്റെ പ്രകൃതിഭംഗിക്കും, കാർഷിക ജീവനസാഹചര്യത്തിനും ഇണങ്ങ സുസ്ഥിര സംവിധാനത്തിലേക്ക് ചുവട് മാറ്റേണ്ടതാണ്. ഈയിനത്തിൽ പഞ്ചായത്ത ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കാൻ ഇതുമൂലം സാധ്യമാകും. പഞ്ചായ അധികൃതരുടെ ഭാഗത്തുനിന്ന് സ്വീകരിച്ചുവരുന്ന നടപടികൾ ഒന്നുകൂടി ശക്തിപ്പെടുത്തുന്നതി പൂർണ്ണശുചിത്വമുള്ളതും മാലിന്യരഹിതവുമായ പഞ്ചായത്ത് എന്ന ലക്ഷ സാക്ഷാത്ക്കരിക്കുവാൻ കഴിയുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-11 IFTE & OS ലൈസൻസ് അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടുള്ളതുമ **സേവന മേഖലയിൽ** മൂലധന നിക്ഷേപം 10 ലക്ഷം വരെ, 10 ലക്ഷം മുതൽ 50 ലക്ഷം വരെ ലക്ഷം മുതൽ 2 കോടി വരെ,2 കോടി മുതൽ 5 കോടി വരെ, 5 കോടിയ്ക്കു മുക എന്നിങ്ങനെയും **ഉത്പാദന മേഖലയിൽ** മൂലധന നിക്ഷേപം 25 ലക്ഷം വരെ, 25 ലക്ഷം മുത കോടി വരെ, 1 കോടി മുതൽ 5 കോടി വരെ, 5 കോടി മുതൽ 10 കോടി വരെ, 10 കോ മുകളിൽ എന്നിങ്ങനെയും സ്ഥാപനങ്ങളെ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ല എന്റർപ്രൈസസുകളാക്കി തിരിച്ച് യഥാക്രമം ₹500/-, ₹1000/- ₹5000/-, ₹10000/-, ₹150 എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മിക്ക സ്ഥാപനങ്ങളിൽ ന കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ചില ഉദാഹരണ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് ക്ര. നം | കെട്ടിട നം | ലൈസൻസ് അപേക്ഷയിലെ മൂലധന നിക്ഷേപം | ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | ക |
|---|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ബി ആർ ട്രെഡേഴ്സ് | 12 | 19/134B | 10 ലക്ഷം (സേവന മേഖല) | 500 | 200 |
| 2 | ലൂസി മെഡിക്കൽസ് | 21 | 9/292 | 4 ലക്ഷം (സേവന മേഖല) | 500 | 200 |
| 3 | ജെയെസ് എന്റെർപ്രൈസസ് | 44 | 14/133 | 4.95 ലക്ഷം (സേവന മേഖല) | 500 | 200 |
| 4 | ഫ്രണ്ട്സ് റെസ്റ്റോറന്റ് | 87 | 13/140 | 3 ലക്ഷം (സേവന മേഖല) | 500 | 100 |
| 5 | നൈസ് കളക്ഷൻസ് | 89 | 11/118 | 8 ലക്ഷം (സേവന മേഖല) | 500 | 200 |
| 6 | ബ്ലൂ സീ ഫിഷ് സ്റ്റാൾ | 100 | 15/4B | 29.35 ലക്ഷം (സേവന മേഖല) | 1000 | 500 |
| 7 | ആയില്യം എലെക്ട്രിക്കൽസ് | 155 | 4/255 | 5 ലക്ഷം (സേവന മേഖല) | 500 | 200 |
| 8 | കോകൊമെലൺ | 186 | 2/306 | 15 ലക്ഷം (സേവന മേഖല) | 1000 | 500 |
| 9 | എസ്.എച് ഏജൻസീംസ് | 194 | 22/665A | 10 ലക്ഷം (സേവന മേഖല) | 500 | 200 |
| 10 | എ എൻ ജി ട്രെഡേഴ്സ് | 209 | 13/337 A | 10 ലക്ഷം (സേവന മേഖല) | 500 | 200 |
| 11 | എ വൺ ഫാമിലി ഫിറ്റ്നസ് | 236 | 8/377A | 20 ലക്ഷം (സേവന മേഖല) | 1000 | 500 |
| 12 | ക്രൻച്ചീ ഡിലൈറ്റ് | 250 | 8/392 | 8 ലക്ഷം (സേവന മേഖല) | 500 | 200 |
| 13 | റെഡ് ഡി ആർക് | 256 | 14/275 A | 50 ലക്ഷം (സേവന മേഖല) | 1000 | 500 |
| 14 | എം എ റെസിഡൻസീസ് | 333 | 2/280 | 60 ലക്ഷം (സേവന മേഖല) | 5000 | 2000 |

| | | | | | | |
|---|---|---|---|---|---|---|
| 15 | വലിയവീട്ടിൽ ഏജൻസീസ് | 538 | 7/385A | 2 ലക്ഷം (സേവന മേഖല) | 500 | 100 |
| 16 | എമ്മ പോളിമേഴ്സ് | 604 | 9/664 | 39.5 ലക്ഷം (സേവന മേഖല As Per PCB Cerificate) | 1000 | 200 |
| 17 | എൻഡ്യൂറൻസ് സ്പോർട്സ് | 641 | 4/289 | 12 ലക്ഷം (സേവന മേഖല) | 1000 | 200 |
| 18 | ആഷിയോ ഹെൽത്ത്കെയർ | 669 | 10/656 | 8 ലക്ഷം (സേവന മേഖല) | 500 | 200 |
| 19 | ദേവ് അക്വാറിയം | 691 | 14/46B | 3 ലക്ഷം (സേവന മേഖല) | 500 | 200 |
| 20 | ദ്രുവ ട്രേഡിങ് | 717 | 14/345 B | 20 ലക്ഷം (സേവന മേഖല) | 1000 | 500 |

2)ലൈസൻസ് അപേക്ഷകളിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. നിര അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തകയോ മൂലധന നിക്ഷേപം പരിശോ റിപ്പോർട്ട് ചെയ്ത് അതനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്യുന്നില്ല.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2, തീ.07.12.2024) മറു ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്ത അടിസ്ഥാനത്തിൽ ഈടാക്കേണ്ടതായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതും ആയത വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വരും വർഷങ്ങളിൽ മൂലധന നിക്ഷേപ അടിസ്ഥാനമാക്കി ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-12 തൊഴിൽ നികുതി അപാകതകൾ</u>

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസ അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹര ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | അപേക്ഷ പ്രകാരമുള്ള |
|---|---|---|---|

| | | | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | റെഡ് ഡി ആർക് | 256/23-24 | 5 |
| 2. | ബ്രൈറ്റ് ഇണ്ടോ ഫ്യൂവൽസ് | 291/23-24 | 8 |
| 3. | കാസ്പിയൻ റെസ്റ്റോറന്റ് | 378/23-24 | 4 |
| 4. | തീരമൈത്രി സൂപ്പർ മാർക്കറ്റ് | 394/23-24 | 6 |
| 5. | തൃപ്തി ഹോട്ടൽ | 457/23-24 | 5 |
| *6. | മെഡിസോൾ ഡൈയഗ്നോസ്റ്റിക് സെന്റർ | 28/23-24 | 5 |
| *7. | മെഡിലൈൻ ഫാമിലി ക്ലിനിക് | 29/23-24 | 7 |

*ക്രമം നം 6, 7 പാരാ-മെഡിക്കൽ ലൈസൻസ് റജിസ്റ്ററിൽ ഉൾപ്പെട്ട സ്ഥാപനങ്ങളാണ്.

2. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങൾ തങ്ങളുടെ ജിവനക്കാരുടെ തൊ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ, വൈപ്പിൻ | II |
| 2 | സാന്റാ ക്രൂസ് ഹൈ സ്കൂൾ | II |
| 3 | കെ എസ് എഫ് ഇ, പുതുവൈപ്പ് | I |

3.ലെ മാരിടൈം എന്ന സ്ഥാപനം ലൈസൻസ് അപേക്ഷ (ലൈസൻസ് നം. :496/23 പ്രകാരം 28 ജീവനക്കാരുണ്ടെന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 10 പേരുടെ തൊഴിൽ നി മാത്രമേ അടവാക്കിയതായി കാണുന്നുള്ളൂ.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18,തീ.10.12.2024), പരാമർശിച്ചിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മേൽപ്പറ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റ അറിയിക്കേണ്ടതാണ്.

## 1-13 വാടക - അപാകതകൾ

എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുതുവൈപ്പിലെ ഷോപ്പ കോംപ്ലെക്സിന്റെ വാടക സംബന്ധമായ ഫയലുകൾ, വാടക രജിസ്റ്റർ, വാടക കരാർ എ പരിശോധിച്ചതു പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 10,000/- രൂപ വാടക ഇനത കിട്ടിക്കൊണ്ടിരുന്ന 11 / 262 നം കടമുറി, 2024-25 സാമ്പത്തിക വർഷത്തിൽ നാളിതു വാടകക്ക് നൽകിയതായി കാണുന്നില്ല. ഈ കെട്ടിടം ഏപ്രിൽ 2024 മുതൽ ഒഴി കിടക്കുകയാണ്. വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ന തീ.11.12.2024) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ തനതുവരുമാന സ്രോതസ്സുക ഒന്നായ വാടക, ഇത്തരത്തിൽ നഷ്ടമാകാതിരിക്കാൻ ധനകാര്യ സ്റ്റാൻഡിങ് കമ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 എയർ കണ്ടീഷനിംഗ് ഇനത്തിൽ വർദ്ധനവ് നൽകാതെ വസ്തുനികുതി നിർണ്ണയി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ ചട്ടങ്ങൾ, ചട്ടം 6 പട്ടിക 6 പ്രകാരം സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് കെട്ടിടങ്ങൾക്ക് അടിസ്ഥാനവസ്തുനികുതിയിൽ 10% വർദ്ധനവ് ചെയ്യേണ്ടതാണ്. എളങ്കുന ഗ്രാമപഞ്ചായത്തിലെ 3-നാം വാർഡിലെ 67A, B എന്ന കെട്ടിടം ലൈസൻസ് അപേക്ഷയ (ലൈസൻസ് ക്രമ നം : 699/23-24) വാടക കരാറിൽ എയർ കണ്ടീഷനിംഗ് സൗകര്യമുള്ള സ്ഥാപനമായിട്ടാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതാണ്. എന്നാൽ എയർ കണ്ടീഷന അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ 10% വർദ്ധനവ് ചെയ്തില്ല. വിശദാംശ താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | തറവിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച് ഈടാക്കി വരുന്ന വസ്തുനികുതി | നിർണ്ണയിച്ച് ഈടാക്കേണ്ട വസ്തുനികുതി | കുറവ് (₹) |
|---|---|---|---|---|
| 3/67/A | 475.75 | 475.75X 80 = 38060 + 5709 (തറ നിർമ്മിതി വർദ്ധനവ്) = 43769/- | 38060+5709+ 3806(എയർ കണ്ടീഷനിംഗ് 10% വർദ്ധനവ്) = 47575/- | 3806/- |
| 3/67/B | 460.62 | 460.62X 80 = 36849.6 + 5527.44 (തറ നിർമ്മിതി വർദ്ധനവ്)-2118.9 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്)= 40258.14 | 36849.6+5527.44-2118.9+3684.9 (എയർ കണ്ടീഷനിംഗ് 10% വർദ്ധനവ്) = 43943.04 | 3684.9/- |
| ആകെ | | | | 7490.9/- |

മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (32/12-12-2024) നൽകിയിരുന്നെ മറുപടി ലഭ്യമായില്ല. മേൽ കെട്ടിടത്തിന് എയർ കണ്ടീഷനിംഗ് ഇനത്തിൽ അടിസ വസ്തുനികുതിയിൽ വർദ്ധനവ് ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കുടി സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത സംബന്ധിച്ച്

സ.ഉ (കൈ) നം.77/2023/LSGD തീ.22.03.2023, പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർ പുറപ്പെടുവിച്ചിട്ടുണ്ട്. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പു നിശ്ചയിക്കുന്നതിനായി 15.05.2023ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി (തീരുമാനം ന തീരുമാനമെടുത്തിട്ടുണ്ടെങ്കിലും, വസ്തുനികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കിയതായി കാണുന വാണിജ്യാവശ്യം, ഇതര വ്യാവസായാവശ്യത്തിനുള്ളവ, മൊബൈൽ ടവർ തുടങ

ഉപയോഗക്രമങ്ങളിൽ 2023-24 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണ്ണയത്ത അടിസ്ഥാന വസ്തുനികുതി നിരക്കായിട്ടെടുത്തിരിക്കുന്നത് നികുതിപരിഷ്കരണത്തിന് മുൻ നിരക്കുകൾ തന്നെയാണ്. ഇപ്രകാരം പഴയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിന് ഏത ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | തറ വിസ്തീർണ്ണം (ച. മി.) | ഉപയോഗം/പഴയനിരക്ക് | പുതിയ നിരക്ക് |
|---|---|---|---|---|
| 1. | 9/156/B | 11.08 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ 40/- | 70/- |
| 2. | 17/180/C | 21.71 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ 40/- | 70/- |
| 3. | 19/330/A | 18.92 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ 40/- | 70/- |
| 4. | 19/258 B | 42.77 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ 40/- | 70/- |
| 5. | 13/326 A | 90.89 | ഇതരവ്യവസായ ആവശ്യം 50/- | 55/- |
| 6. | 19/160/F | 21 | മൊബൈൽ ടവർ 500/- | 550/- |

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/12-12-2024) മറ ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി പഞ്ചായത്ത് കമ്മിറ്റി നികുതിപരിഷ്കരണത്തിനുശേഷമുള്ള പുതുക്കിയ നിരക്കിൽ നിർണയിച്ച്, ആയത് സഞ്ചയ രേഖപ്പെടുത്തി കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹ അറിയിക്കേണ്ടതാണ്.

## 1-16 സാമൂഹ്യ സുരക്ഷ പെൻഷൻ - അപാകതകൾ

2023-24 സാമ്പത്തിക വർഷത്തെ മരണ റിപ്പോർട്ടുകൾ, അപേക്ഷകൾ, സേവന സേ വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്ന

1. മരണപ്പെട്ടയാളുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാൻ കാലതാമസം വന്നതി ഗുണഭോക്താവിന്റെ മരണശേഷവും പെൻഷൻ തുക ബാങ്കിനു കൈമാറിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര്/ഐ.ഡി നം | മരണപ്പെട്ട തീയതി | പെൻഷൻ തരം | തുക/അനർഹ മായ കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | മേരി എം.ബി. 106620500065 | 24.07.2020 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 54600/- (2020 ആഗസ്റ്റ് മുതൽ 2023 ജൂൺ വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 2 | ഉഷാദേവി 106620500120 | 26.08.2020 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 53300/- (2020 സെപ്റ്റംബർ മുതൽ 2023 ജൂൺ വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 3 | സുബ്രഹ്മണ്യൻ റ്റി. കെ 106620202335 | 02.09.2020 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 51900/- (2020 ഒക്ടോബർ മുതൽ 2023 ജൂൺ വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 4 | വർഗ്ഗീസ് കെ. ജി 106620202326 | 18.05.2021 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15000/- (2021 ജൂൺ മുതൽ 2023 ജൂൺ വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 5 | വത്സൻ സി. കെ 106620204355 | 01.06.2021 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 38400/- (2021 ജൂലൈ മുതൽ 2023 ജൂൺ വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 6 | ഇല്യാസ് 106620204475 | 07.12.2021 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28800/- (2022 ജനുവരി മുതൽ 2023 ജൂൺ വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 7 | രാജൻ പി. കെ 106620200737 | 01.09.2022 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14400/- (2022 ഒക്ടോബർ മുതൽ 2023 ജൂൺ വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 8 | ജലജ 106620202028 | 06.09.2022 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 5400/- (2022 ഒക്ടോബർ മുതൽ 2023 ജൂൺ വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 9 | രവി കെ. കെ 106620200332 | 10.01.2023 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 8000/- (2023 ഫെബ്രുവരി മുതൽ 2023 ജൂൺ വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 10 | ജോർജ്ജ് പി. എസ് 106620200648 | 10.03.2023 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 4800/- (2023 ഏപ്രിൽ മുതൽ 2023 ജൂൺ വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 11 | ശശി പി. കെ 106620203692 | 26.06.2023 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 3200/- (2023 ജൂലൈ മുതൽ 2023 ആഗസ്റ്റ് വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 12 | ജോയ് 106620205309 | 25.09.2023 | ഇന്ദിരാഗാന്ധി ദേശീയ | 3200/- (2023 ഒക്ടോബർ | തുക അക്കൗണ്ടിൽ |

| | | | | | |
|---|---|---|---|---|---|
| | | | വാർദ്ധക്യകാല പെൻഷൻ | മുതൽ 2023 നവംബർ വരെ) | നിക്ഷേപിച്ചു. |
| 13 | സവിത മണി 106620203649 | 24.10.2023 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6400/- (2023 നവംബർ മുതൽ 2024 ഫെബ്രുവരി വരെ) | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

2. മരണപ്പെട്ടതിനു ശേഷം നാളിതുവരെയായും ചുവടെ ചേർക്കുന്ന ഗുണോഭോക്താവ പെൻഷൻ അക്കൗണ്ട് ആക്ടീവ് ആയി തുടരുന്നു.

| ക്രമ നം | പെൻഷണറുടെ പേര്/ഐ.ഡി നം | മരണപ്പെട്ട തീയതി | പെൻഷൻ തരം | അനർഹമായ കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1. | എഡ്വിൻ 106620204687 | 24.03.2024 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2024 ഏപ്രിൽ മുതൽ 2024 മെയ് വരെ | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. |

മരണപ്പെട്ട ചില ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യുന്ന രണ്ടും മൂന്നും വർഷം വരെ കാലതാമസം ഉണ്ടാകുന്നുണ്ട്. തൻമൂലം വളരെ അധികം തുക അനർഹമായി ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും മരണശേഷം ബാങ്ക് അക്കൗ ക്രെഡിറ്റായതും ബാങ്കിന് കൈമാറിയതുമായ തുകകൾ സാമൂഹ്യസുരക്ഷാ പെൻ അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുന്നതിനുമായി ഓ എൻക്വയറി (നം.34, തീ.12.12.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 23.09.2 തീയതിയിലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരു പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാ ശേഖരിച്ച് അതത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ന ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്ര പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരു അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. അനർഹ യഥാസമയം സസ്പെൻഡ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെ ക്ലർക്കിന്റേയും ചുമതലയാണ്. മരണ ശേഷം അനർഹമായി നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻ ലിമിറ്റഡിന്റെ പേരിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കി വിവരം ഓഡിറ്റ അറിയിക്കേണ്ടതാണ്.

**1-17 രോഗനിർണ്ണയ പ്രതിരോധ പ്രവർത്തനങ്ങളും സൗകര്യം ഒരുക്കലും - ഉപകരണ**

**ഇൻസ്റ്റലേഷൻ നടത്തുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| പ്രൊജക്റ്റ് നമ്പർ, പേര് | 374/24 -രോഗനിർണ്ണയ പ്രതിരോധ പ്രവർത്തനങ്ങളും സൗകര്യം ഒരുക്കലും |
| അടങ്കൽ തുക | 1413000/- (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് തുക | 1368103/- (ഹെൽത്ത് ഗ്രാന്റ്) |
| ബിൽ നമ്പർ/ തീയതി/തുക | 418/19.02.24/104160, 474/02.03.24/149270, 475/02.03.24/25229, 477/02.03.24/10500, 478/02.03.24/80000, 479/02.03.24/183534, 480/02.03.24/49590, 521/19.03.24/34220, 651/24.03.24/731600 |

മേൽ പദ്ധതി പ്രകാരം എളങ്കുന്നപ്പുഴ പി.എച്ച്.സിയിലേക്ക് വാങ്ങിയ ഉപകരണങ്ങളുടെ വി ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം, തീയതി | ഉപകരണം | തുക |
|---|---|---|---|
| 1 | AMS-202/23-24, 07.02.24 | ഇ.സി.ജി മെഷീൻ | 104160 |
| 2 | SM/2023-24/380, 24.02.24 | മൈക്രോപിപ്പറ്റ്സ് | 149270 |
| 3 | HR3400004877, 23.02.24 | യൂറോമീറ്റർ | 25229 |
| 4 | 1450, 15.02.24 | റോളിംഗ് ചെയർ, ഫുൾ പാഡ് ചെയർ | 10500 |
| 5 | BB23Y-03090, 15.02.24 | എ.സി, ഫ്രിഡ്ജ് | 80000 |
| 6 | OLG-C/2324-2028, 27.02.24 | ബാറ്ററി, യു.പി.എസ് | 183534 |
| 7 | BC/5033, 20.02.24 | ഇ.എസ്. ആർ അനലൈസർ | 49590 |
| 8 | CO-2324-00024865, 21.02.24 | ഓട്ടോമേറ്റഡ് സ്പെസിഫിക് പ്രോട്ടീൻ അനലൈസർ | 34220 |
| 9 | SMS/B2C/1101, 21.03.24 | ഇമ്മ്യൂണൊ അസ്സൈ അനലൈസർ | 731600 |
| ആകെ | | | 1368103 |

11.12.24 ന് എളങ്കുന്നപ്പുഴ പി.എച്ച്.സിയിൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ പ്രക വാങ്ങിയ 1368103/- രൂപയുടെ ഉപകരണങ്ങൾ നാളിതു വരെയായും ഇൻസ്റ്റലേ നടത്തുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യാതെ പാക്കറ്റുകളിൽ തന്നെ സൂക്ഷിച്ചിരിക്കുന്നത കാണപ്പെട്ടു.







ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 33, തീ.12.1 നൽകിയതിന് സ്ഥാപനത്തിൽ ലാബ് ടെക്നീഷ്യന്റെ തസ്തിക ഇല്ലാത്തതുകൊണ്ട ഉപകരണങ്ങൾ ഇൻസ്റ്റലേഷൻ നടത്താത്തതെന്നും എംപ്ലോയ്മെന്റ് വഴി ലാബ് ടെക്നീഷ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതായും, നിയമനം നടന്നാൽ ഉടൻ ത ലാബിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ഇൻസ്റ്റലേഷൻ നടത്തുന്നതാണെന്നും മറുപടി ലഭ്യമാ ഗ്യാരന്റി/വാറന്റി കാലയളവിൽ തന്നെ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്ന ശ്രദ്ധിക്കേണ്ടതാണ്. ഉപകരണങ്ങൾ ഇൻസ്റ്റലേഷൻ നടത്തി പ്രവർത്തനക്ഷമമാക്കി വിശദ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിനായി ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹13,68,1 തടസ്സപ്പെടുത്തുന്നു.

## 1-18 മത്സ്യതൊഴിലാളികൾക്ക് വള്ളം-രജിസ്ട്രേഷൻ /ലൈസൻസ് രേഖകളില്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | മത്സ്യതൊഴിലാളികൾക്ക്, വള്ളം, ഡിങ്കി | മത്സ്യതൊഴിലാളികൾക്ക് വള്ളം,ഡിങ്കി |
| പ്രോജക്ട് നം | 396/24(SO) | 44/24 |
| അടങ്കൽ | ആകെ-450000/-<br>337500/- | ആകെ-300000/-<br>225000/- |

| | | |
|---|---|---|
| | (വികസന ഫണ്ട് )<br>112500/-<br>(ഗുണഭോക്തൃവിഹിതം) | (വികസന ഫണ്ട് )<br>75000/- (ഗുണഭോക്തൃവിഹിതം) |
| ചെലവ് | ആകെ-233365/-<br>133348/-<br>(വികസന ഫണ്ട് )<br>100017/-<br>(ഗുണഭോക്തൃവിഹിതം) | ആകെ- 69825/-<br>(ഗുണഭോക്തൃവിഹിതം) |

2023-24 വർഷം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിലൂടെ ആകെ പതിനാറ് മത്സ്യതൊഴിലാളികൾക്ക് വള്ളം വിതരണം ചെയ്തി എന്നാൽ പ്രസ്തുത യാനങ്ങൾക്ക് മത്സ്യവകുപ്പിൽ നിന്നുള്ള രജിസ്ട്രേഷനും ലൈസ ലഭ്യമായിട്ടുണ്ടെന്നതിന്റെ രേഖകൾ (കരാർ നിബന്ധന-2) ഗുണഭോക്താക്കൾ ഹാജരാക്കിയി ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര്<br>(പ്രോജക്ട് നം 396/24) | ഗുണഭോക്താവിന്റെ പേര്<br>(പ്രോജക്ട് നം 44/24) |
|---|---|---|
| 1 | ഷിബു, തട്ടാടിക്കൽ | ജോസഫ് കെ. എം, കുരിശ്ശിങ്കൽ |
| 2 | സുരേഷ്, തെക്കേതെരുവിൽ | ജോസഫ് പി.ഡബ്ല്യു, പാലക്കൽ |
| 3 | ബാബു എൻ. കെ, നികത്തിത്തറ | അംബ്രോസ്, അട്ടിപ്പേറ്റി |
| 4 | വാസു, പുതുവൽസ്ഥലത്ത് (*) | ജസ്റ്റിൻ വി. എം, വെളിച്ചാന്തറ |
| 5 | ഷിനോജ്, പോണത്ത് (*) | ആന്റണി റോഡ്രിഗ്സ് |
| 6 | സുനിൽ സി. വി, ചെറുപുള്ളിപ്പറമ്പിൽ | സനിൽ കുമാർ, പുളിയനാപറമ്പിൽ |
| 7 | അനിൽകുമാർ കെ. ജി, കൊടിക്കൽ | ശ്രീകുമാർ, ചെറുപുള്ളിപ്പറമ്പിൽ (*) |
| 8 | സഹദേവൻ കെ. ബി, കാക്കിരിശ്ശേരി | |
| 9 | സുബ്രഹ്മണ്യൻ, കാരാച്ചുതറ | |

(* രജിസ്ട്രേഷന് അപേക്ഷിച്ചതിന്റെ രസീത് ഹാജരാക്കി)

രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.36, തീ. 12.1 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഉൾനാടൻ മത്സ്യ ബന്ധനത്തിന് രജിസ്ട്രേ ലൈസൻസ് രേഖകൾ ആവശ്യമാണെന്നതിനാൽ യാനങ്ങൾ കൈപ്പറ്റിയ ഗുണഭോക്താക്കളോടും ആയവ ഹാജരാക്കുവാൻ നിർദ്ദേശിക്കേണ്ടതും രേഖകൾ ലഭ്യമാ മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം-ബില്ലിലെ ഫൈൻ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം | 115/24 |
| പ്രോജക്ടിന്റെ പേര് | കുടിവെള്ളക്കരം അടവാക്കൽ |
| അടങ്കൽ | 16,93,698/- (വികസനഫണ്ട് ) |
| | |

| | |
|---|---|
| ചെലവ് | 16,93,698/-<br>1)ബിൽ.നം 52 തീയതി 23/06/23, 846849/-<br>2)ബിൽ.നം 80 തീയതി 20/07/23, 846849/- |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പൊതുടാപ്പുകളുടെ 2023 ജൂൺ മാസത്തേയും ജൂലൈ മാസത്തേയും വെള്ളം അടവാക്കുവാനാണ് മേൽ പ്രോജക്ട് രൂപീകരിച്ചത്. വെള്ളക്കരമിനത്തിൽ 846849/-രൂപയ ജൂൺ മാസത്തേക്ക് (ടാപ്പൊന്നിന് പ്രതിവർഷം 14559/- രൂപ നിരക്കിൽ 698 ടാപ്പുകൾ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തത്. ബിൽ.നം 52 പ്രകാരം 23/06/23 തീയതി പഞ്ചായത്ത് തുക അടവാക്കിയെങ്കിലും ജൂലൈ മാസത്തെ ബില്ലിൽ (ബിൽ നം-75571/06.0 ഫൈനും കുടിശ്ശികയും കൂടി ഉൾപ്പെടുത്തി താഴെചേർക്കും പ്രകാരം തുക വാട്ടർ അതോ ഡിമാന്റ് ചെയ്തു.

| | |
|---|---|
| 30.06.23 ലെ ക്ലോസിംഗ് ബാലൻസ് | 846849 |
| ഫൈൻ | 16937 |
| തൻമാസത്തെ ഡിമാന്റ് | 846849 |
| ആകെ | 1710635 |

അപാകത ചൂണ്ടിക്കാട്ടി 25.07.23 ൽ വാട്ടർ അതോറിറ്റി എക്സി.എൻജിനീയർക്ക് സെക്ര അയച്ച കത്ത് ഫയലിൽ ഉണ്ട്. എങ്കിലും പിന്നീടുള്ള വാട്ടർ ബില്ലുകളിൽ ഫൈൻ കുടിശ്ശികയായി കണക്കാക്കി ഡിമാന്റിൽ ഉൾപ്പെടുത്തിയതായി കാണുന്നു (തൻമാസ ഡിമാന്റ് മാത്രമേ പഞ്ചായത്ത് അടവാക്കിയിട്ടുള്ളൂ) ഇതനുസരിച്ച് 2024 മാർച്ച് മാസത്ത ബിൽ പ്രകാരമുള്ള കുടിശ്ശിക 19038 രൂപയും ഫൈൻ 373 രൂപയുമാണ്. നിലവിലും സ്ഥിതിയാണോ തുടരുന്നതെന്നും ഫൈൻ തുക ഡിമാന്റിൽ നിന്നും ഒഴിവാക്കി വാട്ടർ ലഭ്യമാകുന്നതിന് അതോറിറ്റിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വി അറിയിക്കുവാനും ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-26/11.12.24 ) മറുപടി നൽകിയില്ല.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയ (പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയില്ല) പഞ്ചായത്ത് പരിധിയിൽ 636 ടാപ്പ ആണുള്ളതെന്ന് അംഗീകരിച്ചിട്ടുള്ളതാണെന്നും അധികമായി അടവാക്കിയിട്ടുള്ള ടാപ്പുകളുടെ അടുത്ത ബില്ലുകളിൽ ക്രമീകരിച്ച് നൽകുവാനോ തുക തിരികെ നൽകുവാനോ ആവശ്യ അതോറിററിക്ക് കത്ത് നൽകാമെന്നും 30.01.24 ൽ ചേർന്ന പഞ്ചായത്ത് കമ തീരുമാനമെടുത്തിരുന്നു (തീരുമാനം നം-27(1) ടാപ്പുകളുടെ എണ്ണം 636 എന്ന് പുനർനിർണ 2024 മാർച്ച് മാസം മുതൽ ലഭ്യമായിട്ടുണ്ട്, എന്നാൽ അധികം അടവാക്കിയ തുക ക്രമീക ലഭ്യമായിട്ടുണ്ടോ അല്ലെങ്കിൽ ടി തുക തിരികെ നൽകുമെന്ന് അതോറിറ്റി അറിയിച്ചിട്ടുണ്ടോ എ വ്യക്തമാക്കിയില്ല (എൻക്വയറി. നം-26)

സ.ഉ (കൈ) 119/22/Lsgd Dated 6.6.22 പ്രകാരം വാട്ടർ അതോറിറ്റിയിൽ അടവാക്കേ തുകകൾ തനതുഫണ്ട്/പൊതു ആവശ്യ ഗ്രാന്റ് എന്നിവയിൽ നിന്ന് നൽകാനാണ് സർ നിർദ്ദേശിച്ചിരിക്കുന്നത്. ഇതിന് വിരുദ്ധമായി വികസനഫണ്ടിൽ നിന്ന് വെള്ളം

അടവാക്കിയതിന്റെ കാരണവും വിശദീകരിച്ചില്ല.

പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അടിസ്ഥാനരഹിതമായി ഡിമാന്റ് ചെ ഫൈൻ തുക ബില്ലിൽ നിന്നൊഴിവാക്കി കിട്ടുന്നതിലേയ്ക്ക് സർക്കാർ തലത്തിൽ ബന്ധ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-20 ലൈഫ് പദ്ധതി- ഭവന നിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് | ലൈഫ് 2020 ഫിഷറീസ് , 133/24(SO) | |
| അടങ്കൽ | ₹52,40,000 | ₹14,40,000-വികസന ഫണ്ട് -ജനറൽ<br>₹10,00,000-സംസ്ഥാനാവിഷ്കൃതഫണ്ട്<br>₹9,00,000-ജില്ല പഞ്ചായത്ത്<br>₹9,00,000-ബ്ലോക്ക് പഞ്ചായത്ത്<br>₹10,00,000-ലൈഫ് ലോൺ |
| ചെലവ് | ₹33,40,000 | ₹14,40,000-വികസനഫണ്ട്-ജനറൽ<br>₹10,00,000-സംസ്ഥാനാവിഷ്കൃതഫണ്ട്<br>₹9,00,000-ബ്ലോക്ക് പഞ്ചായത്ത് |
| | | 1)ബിൽനം-25 തീയതി-09.06.23, 12,40,0000-(വികസനഫണ്ട്)<br>2)BRN-231107520148000247648/27.06.23, 900000/-(ബ്ലോക്ക് ഷെയർ)<br>3)ബിൽനം-124 തീയതി-21.08.23 ,200000/-(വികസനഫണ്ട്)<br>4)320000/- (Neft-RTGS,02.11.23)(സംസ്ഥാന വിഹിതം)<br>5)680000/- (Neft-RTGS, 02.11.23)(സംസ്ഥാന വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വൈപ്പിൻ സർക്കിൾ | |

മത്സ്യതൊഴിലാളി വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്കായി നടപ്പാക്കിയ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലും രജിസ്റ്ററും പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക മാത്രം അഡ്വാൻസ് തുക കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാ കാണുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കരാറിൽ ഏർപ്പെട്ട തീയതി | കൈപ്പറ്റിയ തുക, തീയതി |
|---|---|---|
| മല്ലിക ബാബുരാജ്<br>കാവൽക്കാരൻ<br>ചാപ്പ കടപ്പുറം,<br>എളങ്കുന്നപ്പുഴ<br>വാർഡ്-1 | 09.06.2023 | 40,000/-<br>09.06.2023 |

അഡ്വാൻസ് തുക കൈപ്പറ്റി ഒരു വർഷം പിന്നിട്ടിട്ടും അടുത്ത ഗഡു തുകയ്ക്ക് മേൽ ഗുണഭോക അപേക്ഷിച്ചിട്ടില്ലാത്തതിനാൽ ഭവന നിർമാണം ആരംഭിച്ചിട്ടില്ലായെന്നാണ് വ്യക്തമാകു

നിജസ്ഥിതി ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി-25/11.12 മേൽ ഗുണഭോക്താവ് തറപണി വരെ ചെയ്തിട്ടുണ്ടെന്നും സാമ്പത്തികമായി പിന്നോ നിൽക്കുന്നതിനാൽ നിർമാണപ്രവൃത്തികൾ തുടരുന്നതിനായി അടുത്ത ബന്ധുക്കളിൽ നിന്ന് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെന്നും 2024-25 വർഷത്തിനുള്ളിൽ തന്നെ നിർമാ പൂർത്തീകരിക്കുവാൻ കഴിയുന്നതാണെന്നും വി.ഇ.ഒ മറുപടി നൽകി. മേൽ ഗുണഭോക്താവ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും നിർമ്മ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## <u>1-21 വനിത തൊഴിൽ പരിശീലന കേന്ദ്രം-പദ്ധതി ലക്ഷ്യം കണ്ടില്ല-31,02,258/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

വനിത തൊഴിൽ പരിശീലന കേന്ദ്രവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രണ്ട് പ്രോജക്റ്റ് സെക്രട്ടറി തൻവർഷം നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട്.നം | 233/24 (SO) | 232/24 (SO) |
|---|---|---|
| പ്രോജക്ടിന്റെ പേര് | വനിത തൊഴിൽ പരിശീലന കേന്ദ്രം- ഗ്രൗണ്ട് ഫ്ലോർ അധിക സൗകര്യങ്ങൾ ഒരുക്കൽ | വനിത തൊഴിൽ പരിശീലന കേന്ദ്രം- ഫസ്റ്റ് ഫ്ലോർ ക്യാബിൻ വർക്ക് |
| അടങ്കൽ | 51,62,911/- (വികസനഫണ്ട് ) | 10,41,603/- (വികസനഫണ്ട് ) |
| ചെലവ് | 25,81,456/- ബിൽ.നം 198 , തീയതി 13/11/23 | 5,20,802/- ബിൽ.നം 197 , തീയതി 13/11/23 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

പഞ്ചായത്ത് കെട്ടിടത്തിന്റെ പുറകിലായി ഉണ്ടായിരുന്ന ഇരുനിലക്കെട്ടിടത്തിൽ ക്യാ വർക്ക് ഉൾപ്പെടെയുള്ള അധിക സൗകര്യങ്ങൾ ഒരുക്കി വനിത തൊഴിൽ പരിശ കേന്ദ്രമാക്കി മാറ്റുന്നതിനാണ് മേൽ പ്രോജക്ടുകൾ ആവിഷ്കരിച്ചത്. അക്രെഡിറ്റഡ് ഏജ മുഖേനയുള്ള നിർവഹണമായതിനാൽ 08.03.23 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിനാണ് (FIT) ഇരു പ്രോജക്ടുകളുടേയും ക ഏൽപ്പിച്ച് (കരാർ തീയതി-15.03.2023) നൽകിയത്. പ്രോഫോർമ ഇൻവോയിസ് പ്രകാര ആകെ പ്രവൃത്തിമൂല്യത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| **232/24** പ്രോ.ഇ.നം-410/22-23, 08.03.2023 | | | **233/24** പ്രോ.ഇ.നം-409/22-23, 08.03.2023 | | |
|---|---|---|---|---|---|
| ഇനം | നിരക്ക്, എണ്ണം | തുക(₹) | ഇനം | നിരക്ക്, എണ്ണം | തുക(₹) |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ക്യാബിൻ പാർട്ടീഷൻ | @8300X 82.755$m^2$ | 686867 | തേക്ക് വുഡ് പാനലിംഗ് | @17926X 210.07$m^2$ | 3765715 |
| ഓഫീസ് ടേബിൾ | @25851X 4 NOS | 103404 | ജിപ്സം ബോർഡ് ഫിക്സിംഗ് | @2485X 214.742$m^2$ | 533634 |
| പോലീസ് അക്കാഡമി ചെയർ | @12363X 4 NOS | 49452 | പ്ലാസ്റ്റിക് ആം ചെയർ | @644x100 | 64400 |
| വിസിറ്റേഴ്സ് ചെയർ | @4649X 8 NOS | 37192 | | | |
| | | 876915 | | | 4363749 |
| | 18% GST | 157844 | | 18% GST | 785474 |
| | (എ) | 1034759 | | (എ) | 5149223 |
| | Loading & Transportation | 5800 | | Loading & Transportation | 11600 |
| | 18% GST On L&T | 1044 | | 18% GST On L&T | 2088 |
| | (ബി) | 6844 | | (ബി) | 13688 |
| | ആകെ (എ+ബി) | 10,41,603 | | ആകെ(എ+ബി) | 51,62,911 |

സ്ഥാപനം സമർപ്പിച്ച പ്രോഫോർമ ഇൻവോയിസ് പ്രകാരമുള്ള പ്രവൃത്തിമൂല്യത്തിന്റെ 50% അനുവദിക്കുകയാണ് തൻവർഷം ചെയ്തിട്ടുള്ളത്. 232/24(SO) നമ്പർ പ്രോജക്ടിൽ പെട ഒന്നാം നിലയിൽ 82.755 സ്ക്വ.മീ ഏരിയ പാർട്ടീഷൻ ചെയ്തിട്ടുള്ളതും ഓഫീസ് ടേ റിവോൾവിംഗ് ചെയർ, വിസിറ്റേഴ്സ് ചെയർ എന്നിവ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്ത 10,41,603/-രൂപ ബിൽ തുക സ്ഥാപനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ( ഇൻവോയിസ് നം-37/23-24, 08.05.23 ) 520802/- രൂപ (പ്രോഫോർമ ഇൻവോ അനുസരിച്ചുള്ള ആകെ തുകയുടെ 50%) തൻവർഷം അനുവദിച്ചു. സമാനമായി 233/24(SO) ന പ്രോജക്ടിൽപ്പെടുത്തി വാൾ പാനലിംഗാണ് ചെയ്തത്. ഇതിന് 44,50,387/-രൂപ ബിൽ സ്ഥാപനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ (ടാക്സ് ഇൻവോയിസ് നം-473/22-23, 28.0 25,81,456/- രൂപ (പ്രോഫോർമ ഇൻവോയിസ് അനുസരിച്ചുള്ള ആകെ തുകയുടെ തൻവർഷം കരാർ സ്ഥാപനത്തിന് അനുവദിച്ചു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി ഓഡിറ്റ് തീയതി വരെ ഉപയോഗിച്ചിട്ടില്ല. ഇതു സംബന്ധ അപാകതകൾ താഴെ കൊടുക്കുന്നു.

എ) നിലവിലുണ്ടായിരുന്ന കെട്ടിടത്തിൽ അടിസ്ഥാന സൗകര്യം തൃപ്തികരമാണെന്നിരിക്കെ ലക്ഷം രൂപ ചെലവഴിച്ച് വാൾ പാനലിംഗ് ചെയ്യേണ്ട അത്യാവശ്യകത എന്താണെ വ്യക്തമാക്കിയില്ല. ഇത്രയും ഭീമമായ തുക ചെലവഴിച്ചെങ്കിലും നിലവിലും യാതെ പ്രവർത്തനങ്ങളും കെട്ടിടത്തിൽ നടക്കുന്നില്ല. ചിത്രം ചുവടെ നൽകുന്നു.

**ചിത്രം1 – തൊഴിൽ പരിശീലന കേന്ദ്രം– ഗ്രൗണ്ട് ഫ്ലോർ.**



ഹരിതകർമസേനയുടെ ചാക്കുകളാണ് ഹാളിൽ ഇട്ടിരിക്കുന്നത്.



ബി) തൊഴിൽ പരിശീലന കേന്ദ്രം എന്ന നിലയിൽ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് ത ഫർണിച്ചർ വാങ്ങിയിട്ടതിന്റെ കാരണവും വിശദീകരിച്ചില്ല. ഓഡിറ്റിന്റെ ഭാഗമായി ഒ നിലയിലെ ഹാൾ തുറന്ന് പരിശോധിച്ചതിൽ വാങ്ങിയ ചെയറുകളും ടേബിളുകളും ഭാഗങ്ങളിൽ പൊടി പിടിച്ച് ഇട്ടിരിക്കുന്നതായാണ് കാണപ്പെട്ടത്. ചിത്രം ചുവടെ ചേർക്കുന്നു.

<u>**ചിത്രം 2- തൊഴിൽ പരിശീലന കേന്ദ്രം- ഫസ്റ്റ് ഫ്ലോർ**</u>



30000/-രൂപ വിലയുള്ള ടേബിളാണ് താഴെ കാണുന്ന അവസ്ഥയിൽ ഇട്ടിരിക്കുന്നത്.



സി) തൊഴിൽ പരിശീലന കേന്ദ്രത്തിൽ ഇത്തരം പ്രവൃത്തികൾ നടത്തണമെന്ന യാതെ നിർദ്ദേശവും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ (പൊതുഭരണവും ധനകാര്യവും കണക്കു രേഖകൾ തയ്യാറാക്കൽ) നിന്നുണ്ടായതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. (22-23 പ രൂപീകരണവുമായി 06.06.22, 12.07.22 തീയതികളിൽ ചേർന്ന യോഗങ്ങൾ, 23-24 പ രൂപീകരണവുമായി 22.12.22, 25.02.23 തീയതികളിൽ ചേർന്ന യോഗങ്ങൾ) പ്രാദേ സാമ്പത്തിക വികസനം, ചെറുകിട വ്യവസായം, സൂക്ഷ്മസംരംഭങ്ങൾ എന്ന വർക്കിംഗ് ഗ്രൂ ആയത് ചർച്ച ചെയ്തിട്ടില്ല.

ഡി)വാൾ പാനലിംഗ്, പാർട്ടീഷൻ വർക്ക് എന്നീ ഫർണിഷിംഗ് പ്രവൃത്ത് നടപ്പാക്കുന്നതിനുള്ള നോൺ പി എം സി ആയുള്ള അനുമതി ഫോറസ്റ്റ് ഇൻഡസ് ലിമിറ്റഡിന് പ്രോജക്ട് കാലയളവിൽ ഉണ്ട് എന്ന് തെളിയിക്കുന്ന അക്രഡിറ്റഡ് ഏജൻസിക തെരഞ്ഞെടുപ്പ്, പ്രവർത്തനം എന്നിവയ്ക്കായുള്ള നിർദ്ദേശങ്ങൾ അടങ്ങിയ സർക്കാർ ഉത്ത ഫയലിൽ ലഭ്യമായില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകതക വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/11.12.2024) മറ ലഭ്യമാക്കിയില്ല.

തൊഴിൽ പരിശീലന കേന്ദ്രത്തിനായി ഓഡിറ്റ് വർഷത്തിൽ തന്നെ 31 ലക്ഷം ചെലവഴിച്ചിട്ടുണ്ട്. ഇത്രയും തുക ചെലവഴിച്ച് ഭൗതിക സൗകര്യങ്ങൾ സജ്ജമാക കെട്ടിടമാണ് ഒരു വർഷം പിന്നിട്ടിട്ടും ഉപയോഗിക്കാതെ ഇട്ടിരിക്കുന്നത് എന്നത് അത ഖേദകരമാണ്. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ സ.ഉ(കൈ)നം-84/2022/തസ്വഭവ,തീയതി-19.04.2022, ഖണ്ഡിക 4.3.8 (1), (2) (3) നിർദ്ദേശങ്ങളനുസരിച്ച് തൊഴിൽ പരിശീലനം നേടാൻ താൽപ്പര്യമുള്ള ഗുണഭോക്താക്ക അംഗീകൃത പരിശീലന ഏജൻസികളേയും കണ്ടെത്തി മുന്നൊരുക്കം നടത്തിയതിന് ശേ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തുക മുടക്കിയാൽ മതിയാകുമായിര യാതൊരു മുന്നൊരുക്കവും നടത്താതെ ഭീമമായ തുക ചെലവഴിച്ചതിനാലും പരിശീലന കേ എന്ന പ്രോജക്ട് ലക്ഷ്യം നാളിതു വരെ കൈവരിക്കാത്തതിനാലും പരാമർശങ്ങ വിശദീകരണം നൽകാത്തതിനാലും ഇരു പ്രോജക്ടുകളിലുമായി ചെലവഴിച്ച 31,02,258/- (25,81,456 + 5,20,802) തടസ്സപ്പെടുത്തുന്നു.

**1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ഐ.കെ.എം-1,74,855/-രൂപ തട**

2023-24 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെച്ചേർക്കുന്ന പ്രോജക്ടിന്റെ വിനി സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (എൻക്വയറി നം-3/09.12.24 )

| | |
|---|---|
| പ്രോജക്ട്.നം | 2/24 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം അടവാക്കൽ |
| അടങ്കൽ | ₹1,74,855/-<br>(വികസന ഫണ്ട് ) |
| ചെലവ് | ₹1,74,855/-<br>(ബിൽ.നം-48,<br>തീയതി 22/06/23) |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 1,74,855/- രൂപയുടെ ചെ തടസ്സപ്പെടുത്തുന്നു.

**1-23 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-കെ.എസ്.ഇ.ബി-2,36,476/-രൂപ തടസ്സം**

1)വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിലേയ്ക്ക് താഴെചേർക്കും പ്ര 2,00,770/- രൂപ കെ.എസ്.ഇ.ബി. യിൽ (അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെ വൈപ്പിൻ) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട്.നം | 79/24 |
| പ്രോജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 3,00,000/- (വികസന ഫണ്ട് ) |
| ചെലവ് | 2,00,770/-<br>1)ബിൽ.നം47,തീയതി-22/06/23, 51,351/-<br>2)ബിൽ.നം-117,തീയതി-16/08/23, 16,231/-<br>3)ബിൽ.നം-175,തീയതി-07/11/23, 67,843/-<br>4)ബിൽ.നം-344,തീയതി-16/01/24, 23,152/-<br>5)ബിൽ.നം-626,തീയതി-24/03/24, 42,193/- |

10/05/2024 തീയതിയിൽ ലഭ്യമായ ക്രമ നമ്പർ 3, 4 പ്രകാരം സൂചിപ്പിച്ചിട്ടുള്ള തുക (67843/-, 23152/-) വിനിയോഗസാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബ തുകകൾക്കുള്ള (109775/- രൂപ) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യ ഹാജരാക്കിയില്ല (എൻക്വയറി.നം-03/09.12.24 )

2)

വാർഡ്- 7 ൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിലേയ്ക്ക് താഴെചേർക്കും പ്രകാരം 98,051/- കെ.എസ്.ഇ.ബി യിൽ (അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വൈ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോ ഹാജരാക്കിയില്ല (എൻക്വയറി.നം-3)

| | |
|---|---|
| പ്രോജക്റ്റ്.നം | 291/24 |
| പ്രോജക്റ്റിന്റെ പേര് | സ്ട്രീറ്റ് ലൈൻ വലിക്കൽ- വാർഡ്- 7 |
| അടങ്കൽ | 1,00,000/-<br>(ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റ് ) |
| ചെലവ് | 98,051/-<br>(ബിൽ.നം-612,<br>തീയതി 24/03/24) |

3)

| | |
|---|---|
| പ്രോജക്റ്റ്.നം | 328/24 |
| പ്രോജക്റ്റിന്റെ പേര് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ |
| അടങ്കൽ | 820000/-(തനത് ഫണ്ട് ) |
| ചെലവ് | 28650/-<br>(ചെക്ക്.നം 30722 തീയതി 22/06/23) |

പഞ്ചായത്ത് പരിധിയിലുള്ള 6 വാർഡ് (1, 8, 11, 17, 19, 23) ഒഴികെയുള്ളവയിൽ സ്ട്രീറ്റ് ല വലിക്കുന്നതിനായാണ് 820000/- രൂപ വകയിരുത്തിയത്. എന്നാൽ വാർഡ് 4 വകയിരുത്തിയ തുകയിൽ നിന്നും 28650/-രൂപ 23-ാം വാർഡിലെ ഓപ്പൺ ജിംനേ വൈദ്യുതിവൽക്കരിക്കുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രോജക്റ്റ് ലക്ഷ്യത്തിൽ ന വ്യതിചലിച്ച് ഇപ്രകാരം തുക ചെലവഴിച്ചതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനു സാധൂകരണം ലഭ്യമായതിന്റെ രേഖ ഹാജരാക്കിയില്ല. ജിം പ്രവർത്തനക്ഷമമാണോ എ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടോ എന്നും അറിയിച്ചില്ല (എൻക്വയറി.നം-3)

മേൽ മൂന്ന് പ്രോജക്റ്റുകളിലുമായി ചെലവഴിച്ച തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 2,36,476/- രൂപ ( 109775 + 98051 +28650) തടസ്സപ്പെടുത്തുന്നു.

## 1-24 ബയോപോട്ട് വിതരണം- ജി.എസ്.ടി.ഐ.എൻ. സസ്പെന്റ് ചെയ്ത കരാറുകാരന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം. | 96/24 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ, എളങ്കുന്നപ്പുഴ സർക്കിൾ |
| പ്രോജക്റ്റിന്റെ പേര് | ബയോപോട്ട് |
| അടങ്കൽ | ₹4,63,680/-<br>1,00,000/- വികസന ഫണ്ട്<br>3,17,312/- കേന്ദ്രാവിഷ്കൃത ഫണ്ട്<br>46,368/- ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹3,25,910/-<br>2,93,250/- -കേന്ദ്രാവിഷ്കൃത ഫണ്ട്<br>32,660-ഗുണഭോക്തൃവിഹിതം<br>1)25,500-ചെക്ക് നം-SCB32415, തീയതി- 31.03.24<br>2)2840-ചെക്ക് നം-SCB32415, തീയതി- 31.03.24<br>[illegible] |

| | |
|---|---|
| | 3)2,67,750-ചെക്ക്നംSBI914926,തീയതി-20.03.24<br>4)29,820-ചെക്ക്നം-SBI914926,തീയതി- 20.03.24 |

2023-24 വാർഷിക പദ്ധതിയിൽ പെടുത്തി 230 എണ്ണം ബയോപോട്ടുകൾ ടെണ്ടർ ക്ഷ ആലപ്പി ബയോടെക്ക്, പുതിയവീട്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും വ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പോട്ട് ഒന്നിന് 12% ജി എസ് ടി ഉൾപ്പെടെ 14 രൂപ (1265.18+12%Gst=1417/-) നിരക്കിലാണ് വാങ്ങിയത്. ഇപ്രകാരം 230 പോട്ടുകൾക്ക് അ 3,25,910രൂപ (1265.18X230=290991.40+**34919-12%Gst)** താഴെ ചേർക്കുന്ന ഇൻവോയിസ് പ്രകാരം കരാർ സ്ഥാപനത്തിന് (കരാർ തീയതി-27.12.23) നൽകിയിട്ടുണ്ട്.

| ക്രമ. നം | ഇൻവോയിസ് നം, തീയതി | ഇനം, നിരക്ക് | ആകെ തുക (ജി.എസ്.ടി ഇല്ലാതെ) | ജി.എസ്.ടി @ 12% | ജി.എസ്.ടി ഉൾപ്പെടെയുള്ള ആകെ തുക |
|---|---|---|---|---|---|
| 1 | 14/24, 06.02.24 | @1265.18X70 Pots | 88562.60 | 10627.50 | 99190 |
| 2 | 15/24, 07.02.24 | @1265.18X70 Pots | 88562.60 | 10627.50 | 99190 |
| 3 | 16/24, 08.02.24 | @1265.18X70 Pots | 88562.60 | 10627.50 | 99190 |
| 4 | 20/24, 09.02.24 | @1265.18X20 Pots | 25303.60 | 3036.40 | 28340 |
| | ആകെ | | 2,90,991.40 | 34918.90 | 325910 |

**32AOLPA6191D1ZA** ആണ് ആലപ്പി ബയോടെക്ക് സമർപ്പിച്ച ടാക്സ് ഇൻവോയിസുക രേഖപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി.ഐ.എൻ നമ്പർ. എന്നാൽ ജി.എസ്.ടി വകുപ്പ ഔദ്യോഗിക വെബ് സൈറ്റ് പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ജി.എസ്.ടി.ഐ.എ യു.ഐ.എൻ സ്റ്റാറ്റസ് 14.11.2023 തീയതി മുതൽ സസ്പെന്റ് ചെയ്തതായി കാണുന്നു. സ്ഥാ സമർപ്പിച്ച ഇൻവോയിസുകൾ എല്ലാം തന്നെ 2024 ഫെബ്രുവരി മാസത്തേത ജി.എസ്.ടി.ഐ.എൻ സ്റ്റാറ്റസ് സസ്പെന്റ് ആയിട്ടുള്ള കാലയളവിൽ ജി.എ ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് അനുവദിച്ചതിന് വിശദീക നൽകുവാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം-39/12.12.24) സാങ്കേ കാരണങ്ങളാലാണ് സ്ഥാപനത്തിന്റെ ജി.എസ്.ടി സസ്പെന്റ് ചെയ്തതെന്നും 2024 ഡിസംബ ന് റിട്ടേൺ ഫയൽ ചെയ്യുവാൻ സാധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. റിട്ടേൺ ഫ ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ജി.എസ്.ടി ഇനത്തിൽ അനുവദിച്ച 349 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 വാട്ടർ കണക്ഷൻ ഇല്ലാതെ വാട്ടർ ചാർജ്ജ് ഇനത്തിൽ നൽകിയ തുക 13,033/- രൂ**

**തടസ്സപ്പെടുത്തുന്നു.**

എസ്. സി. പകൽ വീട് വാട്ടർ ചാർജ്ജ് ഇനത്തിൽ ഓരോ മാസവും (കൺസ്യൂമർ EPA/10343/N- Non Domestic) 641/- രൂപയാണ് വാട്ടർ ബില്ല് ലഭിക്കുന്നത്. പല മാസങ്ങ ഈ തുക അടക്കാത്തതിനാൽ വലിയ കുടിശ്ശിക ഉൾപ്പെടെയാണ് വാട്ടർ ചാർജ്ജ് അടക്കുന്നത്.

ഒക്ടോബർ 23 വൌച്ചർ (773) പ്രകാരം ചെക്ക് നം 31285/ Dtd 16-10-23 പ്രകാരം ( അതോരിട്ടി ബില്ല് നം. 120835956 Dated 26-7-23) ആ മാസത്തെ വാട്ടർ ചാർജായ 6 രൂപയും കുടിശികയിനത്തിൽ 12,392/- രൂപയും ഉൾപ്പെടെ 13,033/- രൂപ അടച്ചിട്ടുണ്ട്. മാസങ്ങളിലെ വാട്ടർ ചാർജ്ജ് അടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

എസ്. സി പകൽ വീട് നേരിട്ട് പോയി കണ്ടതിൽ ടി കെട്ടിടം ഷീറ്റ് മേഞ്ഞതും സീല ചെയ്തതും ആണ്. സീലിംഗ് കുറച്ച് ഭാഗം പൊളിഞ്ഞ് പോയിരിക്കുന്നു. ഷീറ്റ് മേഞ്ഞത് മഴ ചോരുന്ന അവസ്ഥയിലാണ്. ഇത് പകൽ വീടിനായി ഉപയോഗിക്കുന്നില്ല. ഇവിടെ സ്ഥാ വാട്ടർ അതോറിറ്റിയുടെ വാട്ടർ മീറ്റർ വർഷങ്ങൾക്ക് മുമ്പ് കളവ് പോയതായും അറിഞ്ഞു. മാ നിലവിൽ ഒരു വാട്ടർ ടാപ്പ് പോലും സ്ഥാപിച്ചിട്ടില്ല. ഇവിടെ നിന്ന് ലഭിച്ച സെപ്റ്റംബർ 20 ലെ ബില്ല് പ്രകാരം വാട്ടർ ചാർജ്ജ് 641 രൂപയും കുടിശികയിനത്തിൽ 2,095/- രൂപയും ഉൾ 2,736/-രൂപ ആകെ കുടിശികയുണ്ട്. അത് ഇതുവരെ അടച്ചിട്ടില്ല.

റൂഫിംഗ് ചോരുന്നതും സീലിംഗ് പൊളിഞ്ഞ് പോയതും അന്വേഷിച്ച് ഉത്തരവാദികൾക്കെ നടപടി എടുക്കേണ്ടതാണ്.

ഇവിടെ മീറ്റർ സ്ഥാപിച്ച് വാട്ടർ കണക്ഷൻ എടുക്കേണ്ടതാണ്. മീറ്റർ ഇല്ലാത്തതും ഒരു പോലും ഇല്ലാത്തതുമായ വാട്ടർ കണക്ഷന് വേണ്ടിയാണ് വർഷങ്ങളായി വാട്ടർ ച അടക്കുന്നത്. ആയതിനാൽ അടച്ച തുക 13,033/- രൂപ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 29/11-12-2024 – ന് മറുപടി ലഭിച്ചില്ല.

**1-26 അഡ്വക്കേറ്റ് ഫീസിനത്തിൽ തനത് വർഷം നൽകിയ തുക 3,00,000/- രൂപ**

**തടസ്സപ്പെടുത്തുന്നു-**

അഡ്വക്കേറ്റ് ഫീസിനത്തിൽ അഡ്വക്കേറ്റ് പി എം ബെൻസിറിന് ഓരോ വർ ലക്ഷകണക്കിന് രൂപയാണ് നൽകുന്നത്. കേസിന്റെ വിശദാംശങ്ങൾ ഒന്നും വൌച്ചറിന്റെ ഉൾപ്പെടുത്തിയിട്ടില്ല. കേസ് രജിസ്റ്റർ പോലും പൂർണ്ണമല്ല. ലെഡ്ജറിലും കേസ വിശദാംശങ്ങൾ ലഭ്യമല്ല. ഈ പഞ്ചായത്തിൽ ആകെ എത്ര കേസുകൾ നിലവിലുണ്ട് പോലും വ്യക്തമല്ല. 2021-22 വർഷം മുതൽ ഓഡിറ്റ് തീയതി വരെ അഡ്വക്കേറ്റ് ഫീസിനത നൽകിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | കേസുകളുടെ എണ്ണം | തുക(₹) |
|---|---|---|
| 2021- 22 | 16 X 15,000 | 2,40,000 |
| 2022-23 | 16 X 15,000 | 2,40,000 |
| 2023-24 | 20 X 15,000 | 3,00,000 |
| 2024-25 (7-9-24) | 21 X 15,000 | 3,15,000 |

തനത് വർഷം നൽകിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | തിയതി | വൗച്ചർ നം | തുക(₹) |
|---|---|---|---|
| 1 | 22/7/23 | 42300409 | 15,000 |
| 2 | 29/7/23 | 42300430 | 15,000 |
| 3 | 29/7/23 | 42300431 | 15,000 |
| 4 | 29/8/23 | 42300554 | 15,000 |
| 5 | 19/10/23 | 42300711 | 15,000 |
| 6 | 9/11/23 | 42300825 | 15,000 |
| 7 | 15/11/23 | 42300843 | 15,000 |
| 8 | 15/11/23 | 42300844 | 15,000 |
| 9 | 15/11/23 | 42300845 | 15,000 |
| 10 | 22/12/23 | 42300974 | 15,000 |
| 11 | 4/2/24 | 42301098 | 15,000 |
| 12 | 4/2/24 | 42301099 | 15,000 |
| 13 | 12/2/24 | 42301123 | 15,000 |
| 14 | 12/2/24 | 42301124 | 15,000 |
| 15 | 12/2/24 | 42301125 | 15,000 |
| 16 | 12/2/24 | 42301126 | 15,000 |
| 17 | 12/2/24 | 42301127 | 15,000 |
| 18 | 12/2/24 | 42301128 | 15,000 |
| 19 | 12/2/24 | 42301129 | 15,000 |
| 20 | 31/3/24 | 42301926 | 15,000 |
| | | ആകെ | 3,00,000 |
| | | | |

പഞ്ചായത്ത് പരിപാലിച്ച് പോരുന്ന സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചെങ്കിലും കോടതി ( സംബന്ധിച്ച വിവരങ്ങൾ ഒന്നും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്യൂട്ട് രജിസ്റ്റർ പൂർണ്ണമല്ല.

വൗച്ചർ പ്രകാരം തുക നൽകിയ എല്ലാ കേസ് ഫയലുകളുടെ വിശദാംശങ്ങൾ ഓഡി ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 29/11-12-24 – ന് മറുപടി ലഭിച്ചില്ല.

ഇത് സംബന്ധിച്ച് കുറച്ച് കേസുകളും അതിന്റെ വിധിയുടെ പകർപ്പും ഓഡിറ്റിന് ഹാജരാക്കി.

ആയത് പരിശോധിച്ചതിൽ എല്ലാ കേസുകളും കോടതിയിൽ സമർപ്പിച്ച അതേ തിയതി ഹർജിക്കാരൻ കേസ് പിൻവലിക്കുകയും അപ്രകാരം കേസ് തീർപ്പാക്കുകയും ചെയ്യുന്നു. ഇത പകർപ്പ് പഞ്ചായത്തിൽ നൽകുകയും അത് പ്രകാരം വക്കീൽ ഫീസ് നൽകുകയു ചെയ്യുന്നത്. ഈ കേസുകൾക്കായി വക്കിൽ എന്ത് നടപടികളാണ് ചെയ്തത് എന്ന് വ്യക്തമല്ല. ഈ കേസ് എന്താണ് എന്ന് പോലും പഞ്ചായത്തിന് അറിയില്ല എന്നും കാണ ഇതിനായി ഈ വക്കീലിലെ നിയമിക്കുകയോ വക്കീൽ ഫീസ് നൽകുന്നതിന് പഞ്ചാ കമ്മറ്റി തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. ഈ വർഷം 5 മാസത്തിനുള്ളിൽ ഇപ്രകാര കേസുകൾക്കാണ് വക്കിൽ ഫീസ് നൽകിയിട്ടുള്ളത്.

ഓഡിറ്റ് വർഷം നൽകിയ തുക ₹3,00,000/- തടസ്സപ്പെടുത്തുന്നു. എല്ലാ കേസുകളും പരിശോ ആവശ്യമില്ലാതെ നൽകിയ തുക കണ്ടുപിടിച്ച് തിരികെ ഈടാക്കേണ്ടതും ഇത് സംബന്ധ വിശദമായ അന്വേഷണം നടത്തേണ്ടതും ഉത്തരവാദികൾക്കെതിരെ ന സ്വീകരിക്കേണ്ടതുമാണ്.

## 1-27 പേവിഷ നിർമ്മാർജ്ജനം - കുത്തിവയ്പ്പ് നൽകിയ നായകൾക്ക് പഞ്ചായത്ത് ലൈസൻസ് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | പേവിഷ നിർമ്മാർജ്ജന പദ്ധതി, 58/24 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹20,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ₹20,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നം. & തീയതി | 174/07.11.2023 |

മേൽ പ്രോജക്ട് പ്രകാരം വളർത്തുനായകൾക്ക് പേവിഷ പ്രതിരോധ കുത്തി എടുക്കുന്നതിനായി 20000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 25.09.2023 മുതൽ 30.09.2023 തീയതികളിൽ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ വച്ച് ക്യാമ്പുകൾ നടത്തിയാണ് പ നടപ്പിലാക്കിയിട്ടുള്ളത്. വാക്സിനേഷൻ രജിസ്റ്റർ പ്രകാരം 6 ദിവസത്തെ ക്യാമ്പിലൂടെ നായ്ക്കൾക്ക് കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ രേഖകൾ പ്രകാരം ആകെ വളർത്തുനായകൾക്ക് മാത്രമാണ് 2023-24 വർഷം ലൈസൻസ് (201*50=10050 ലൈസ ഫീസ്) നൽകിയിട്ടുള്ളത്. ഇതിൽ പ്രതിരോധ കുത്തിവയ്പ്പ് എടുത്ത നായകൾ ഉൾപ്പെട്ടിട്ട എന്നത് വ്യക്തമല്ല. പ്രതിരോധ കുത്തിവെയ്പ്പ് എടുത്ത നായകൾക്ക് മുഴുവൻ പഞ്ചായത നിന്നും ലൈസൻസ് ലഭ്യമാക്കിയതായി കാണുന്നില്ല. അപാകതകക്ക് വിശദീക ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 27, തീ.11.12.24) നൽകിയെങ്കിലും മ ലഭ്യമാക്കിയില്ല. ഓരോ സാമ്പത്തിക വർഷവും പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്ന നായക ലൈസൻസ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-28 പുതുവൈപ്പ് പി എച് സി റോഡ് സൈഡ് വാൾ - GSB പ്രവൃത്തി വീണ്ടും ചെയ്തത് ₹241055/- തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രവൃത്തി | പുതുവൈപ്പ് പി എച് സി റോഡ് സൈഡ് വാൾ |
| പ്രൊജക്റ്റ് | S00245/24 |
| എസ്റ്റിമേറ്റ് | 2,80,000/- |
| നിർവഹണോദ്യോഗസ്ഥൻ | അസ്സി. എൻജിനിയർ |
| കരാറുകാരൻ | ശ്രീ.സാബു എം ഡി |
| ആകെ ചെലവ് | Rs.2,41,055 Bill No. 518, 19-3-24, |

എസ്റ്റിമേറ്റ് പ്രകാരം 84.10 മീറ്റർ 0.50 മീറ്റർ വീതിയിൽ കോൺക്രീറ്റ് ഉപയോഗിച്ച് സൈ ഭിത്തി നിർമ്മിക്കുകയും 84.10 മീറ്റർ റോഡ് 3.2 മീറ്റർ വീതിയിൽ ഗ്രേഡഡ് മെറ്റൽ ഉപയോ ഗ്രാനൃൾ സബ് ബേസ് (GSB) അതായത് റോഡ് ഫില്ലിംഗ് ചെയ്യുകയും ആണ് പ്രവൃത്തി.

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം 76.50 മീറ്റർ സൈഡ് ഭിത്തി നിർമ്മിക്കുകയും 74 റോഡ് 15 Cm കനത്തിലും 3.195 (Average) വിതിയിലും ഗ്രാനൃൾ സബ് ബേസ് (Gr Material) ചെയ്യുകയും ചെയ്തു.

എം ബുക്ക് പ്രകാരം GSB (Graded Material) ചെയ്തതിന് (ടേപ്പ് മെഷർമെന്റ് 10% കിഴിച്ച് ) - 31 $M^3$ X $3237/M^3$ = 1,03,337/- രൂപ നൽകി.

GSB ചെയ്തതിന് ശേഷം ഈ റോഡിൽ മറ്റൊരു പ്രവൃത്തിയും ചെയ്തിട്ടില്ല. ഇതേ റോഡ് അ റീച്ച് താഴെ പറയും പ്രകാരം മറ്റൊരു പ്രൊജക്റ്റിൽ ഉൾപ്പെടുത്തി GSB പ്രവൃത്ത ഇന്റർലോക്കിംഗ് കട്ട വിരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2.

| | |
|---|---|
| പ്രവൃത്തി | പുതുവൈപ്പ് പി എച് സി റോഡ് സൈഡ് വാൾ - വാർഡ് -18 |
| പ്രൊജക്റ്റ് | S00174/24 (232/23) |
| എസ്റ്റിമേറ്റ് | 5,34,000/- |
| ആകെ ചെലവ് (First & Final Bill) (മുൻവർഷത്തേത് ഉൾപ്പെടെ) | 3,77,595/- |
| കരാറുകാരൻ | ശ്രീ.സാബു എം ഡി |
| തൻവർഷത്തെ ചെലവ് | Rs.1,14,435/- Bill No. 366, 27-1-24 |

എസ്റ്റിമേറ്റ് പ്രകാരം 84.5 മീറ്റർ 3.6 മീറ്റർ വീതിയിൽ GSB (Graded Material) ചെ കോൺക്രീറ്റ് കട്ട വിരിക്കുകയാണ് പ്രവൃത്തി.

എസ്റ്റിമേറ്റ് പ്രകാരമുള്ള ചില പ്രവൃത്തികൾ താഴെ കൊടുക്കുന്നു.

1. GSB (Graded Material) ചെയ്യേണ്ടുന്നത് - 58.5 X 3.6 X 0.15 = 31.59 $M^3$

2. കട്ട വിരിക്കുന്നത് - 84.5 X 3.2 = 270.40$m^2$

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരമുള്ള പ്രവൃത്തികൾ

1. റോഡ് ലെവൽ ചെയ്തത് - (ഐറ്റം 3.2) – 222 $M^3$ X Rs. 9.83/$M^2$ = 2182
2. GSB (Graded Material) ചെയ്തത് - (74 മീറ്റർ ഫില്ല് ചെയ്തു ഇതിൽ 40 മീറ്റർ 0.20 മ കനത്തിലും 34 മീറ്റർ 0.15 മീറ്റർ കനത്തിലും ആണ് ഫില്ല് ചെയ്തത്.) ആകെ 37.707m 2580/$M^3$ = 97284.06

3. കട്ട വിരിച്ചത് - 214.850 X 935/$M^2$ = 2,00,885

4. കട്ടയുടെ സൈഡ് കോൺക്രീറ്റ് ചെയ്തത് - 3.094 X 6350/$M^3$ = 19,647

<u>ഓഡിറ്റ് പരാമർശം</u>

മേൽ കൊടുത്തിരിക്കുന്ന രണ്ട് പ്രോജക്ടുകളിലെ ഫയലിലും ഒരേ റോഡും അതേ റോഡ സ്കെച്ചും പ്ലാനും റീച്ചും തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതായത് ഒരേ പ്രവൃത്തി റോഡ് ഫില്ലിഗ് ഗ്രാന്യൂൾ സബ് ബേസ് (GSB) രണ്ട് പ്രോജക്ടുകളിലും ഉൾപ്പെടുത്തി റോഡിൽ തന്നെ ചെയ്തിരിക്കുന്നു.

പട്ടിക നം. 1 – ലെ പ്രവൃത്തി 2023- ലെ പ്രോജക്ടിൽ (232/23)ഉൾപ്പെടുത്തി പ്രൊ തയ്യാറാക്കി എഗ്രിമെന്റ് വെച്ചതാണ്. ആ പ്രവൃത്തി ആ വർഷം ചെയ്യാതിരിക്കുകയും അ ഉൾപ്പെട്ട റോഡ് ഫില്ലിംഗ് (GSB) പ്രവൃത്തി മാത്രം ഈ വർഷത്തെ പുതിയ പ്രോജക്ടിൽ (245 ഉൾപ്പെടുത്തി ചെയ്തു. കൂടാതെ കഴിഞ്ഞ വർഷം ചെയ്യാതിരുന്ന പ്രോജ്ക്റ്റ് (232/23) സ്പിൽ ഒ ആയി ഈ വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രോജക്ട് S00174/24 പ്രകാരം ചെയ്യു ചെയ്തു. ഈ രണ്ട് പ്രവൃത്തിയും ചെയ്തത് ഒരേ കരാറുകാരൻ തന്നെയാണ്. ആയതിനാൽ പ്രോ (245/24) പ്രകാരം ചെലവ് വന്ന റോഡ് ഫില്ലിംഗ് തുക 1,03,337/തുക തിര ഈടാക്കേണ്ടതാണ്. ഇപ്രകാരം ഒരേ പ്രവൃത്തി രണ്ട് പ്രാവശ്യം ചെയ്യാനുള്ള കാര പരിശോധിച്ച് ഉത്തരവാദികൾക്ക് എതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകതയുള്ളതിനാൽ ഈ പ്രോജക്ടിന്റെ ചെലവ് തുകയായ 241055/-രൂപ തടസ്സപ്പെടുത്തു

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 9/10-12-2024 – ന് മറുപടി ലഭിച്ചില്ല.

## <u>1-29 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് – തുക ഗുണഭോക്താവിന് ലഭ്യമായില്ല</u>

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 23/24 |
| പ്രൊജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ ആകെ | ₹ 1918800/- (വികസന ഫണ്ട് പൊതുവിഭാഗം)<br>₹ 977400/-(ബ്ലോക്ക് പഞ്ചായത്ത്) |

| | |
|---|---|
| ₹3222000/- | ₹ 325800/-(ജില്ലാ പഞ്ചായത്ത്) |
| ചെലവ്<br>₹3218129/- | ₹ 1914929/- (വികസന ഫണ്ട് പൊതുവിഭാഗം)<br>₹ 977400/-(ബ്ലോക്ക് പഞ്ചായത്ത്)<br>₹ 325800/-(ജില്ലാ പഞ്ചായത്ത്) |
| ബിൽ നം/തീയതി/തുക | 223/27.11.23/₹256000/-, 224/27.11.23/₹ 325500/-, 252/08.12.23/₹395900/-, 292/21.12.23/₹187600/-, 293/21.12.23/₹ 194200/-, 294/21.12.23/₹180300/-, 333/11.01.24/₹474172/-, 357/19.01.24/₹252100/-, 449/26.02.24/₹325800/-, 360/22.01.24/₹622357/-, 591/24.03.24-₹4200/- |

എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേര വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കോളർഷിപ്പ് നൽകുന്നതിന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ആനുകൂല്യത്തുക പൂർണമ ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ലായെന്ന് ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാ റിപ്പോർട്ട് പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഇപ്രകാരം ആനുകൂല്യം ലഭ്യമാക ഗുണഭോക്താവിന്റെ വിശദാംശം താഴെചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബിൽ നം/ തീയതി/തുക | ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക (₹) |
|---|---|---|
| രഞ്ജിത്ത് | 223/27.11.2023/₹256000/- | 8000/- |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ന തീ.11.12.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക ഗുണഭോക്താ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡി അറിയിക്കേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോ പരിശോധിച്ച് എല്ലാ ഗുണഭോക്താക്കൾക്കും തുക ലഭ്യമായി എന്ന് ഉറപ്പുവരുത്തേണ്ടതും ക്രെഡിറ്റ് ആകാത്ത സാഹചര്യങ്ങളിൽ അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോ എന്നിവയിലുണ്ടാകുന്ന പിഴവുകൾ സമയബന്ധിതമായി തിരുത്തി നൽകി തുക ലഭ്യമാക നടപടികൾ സ്വീകരിക്കേണ്ടതും എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ വിഹിതം ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ മോണിറ്ററിംഗ് സമിതിയും പ ലക്ഷ്യത്തിലെത്തിയോയെന്ന് വിലയിരുത്തേണ്ടതാണ്.

**1-30 മരം വെട്ടി മാറ്റുന്നതിന് തുക നൽകിയത് അംഗീകരിക്കുന്നില്ല. 1,20,000/- രൂപ നിരാകരിക്കുന്നു**

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ അപകടമായിട്ടുള്ള മരങ്ങൾ വിൽക്കുന്നതിന് 14-6 ൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ഈ മരം ലേലം ചെയ്ത് വിൽക്കുന്നതിന് ഫോറസ്റ്റ് ഓഫീസറുടെ SFR 14/20202 Dtd 26-9-23 വാല്യേഷൻ ലഭിച്ചിട്ടുണ്ട്. വാല്യേഷനിൽ 14-6 ലെ കമ്മിറ്റി തീരുമാന പ്രകാരമുള്ള സൂചന പ്രകാരമാണ് ഈ വില നിശ്ചയിച്ചത് 

അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മരങ്ങൾ ലേലം ചെയ്യുന്നതിന് മുമ്പ് വലിയ തുക നൽകി മ മാറ്റുകയും പിന്നീട് ആ മരങ്ങൾ വാല്യേഷൻ പ്രകാരമുള്ള ചെറിയ തുകക്ക് മരം വെട്ടി മാ അതേ വ്യക്തിക്ക് ക്വട്ടേഷൻ പ്രകാരം ലേലം ചെയ്ത് നൽകുകയും ചെയ്യുന്നു. ആയതിനാൽ വെട്ടി വാറ്റിയതിന് നൽകിയ തുക അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-2 നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 38/12-12-2024 – ന് മറുപടി ലഭിച്ചില്ല

## 1-31 തനത് വർഷത്തെ ചെലവുകൾ അടുത്ത വർഷമാണ് അക്കൌണ്ട് ചെയ്യുന്നത്

തനത് വർഷത്തെ ചെലവുകൾ തൻവർഷം തന്നെ അക്കൌണ്ട് ചെയ്യാതെ ചെക്ക് നൽകു ആ ബാങ്കിൽ നിന്ന് പിൽവലിക്കുകയും ചെയ്യുന്നു. എന്നാൽ ഇത് തനത് വർഷം ത അക്കൌണ്ടിൽ ചേർക്കാതെ പിന്നീട് അടുത്ത വർഷം പെന്റിംഗ് ടാസ്ക് എന്ന ഓപ് ഉപയോഗിച്ച് തനത് വർഷത്തെ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നു. ഈ പഞ്ചായത്തിൽ 10-5-2 – ന് ശേഷമാണ് പെന്റിംഗ് ടാസ്ക് എന്ന ഓപ്ഷൻ ഉപയോഗിച്ച് 2023-24- ലെ അക്കൗണ്ടി 31-3-2024 തിയതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2/3/23 മുതലുള്ള ചെലവുകളാണ് ഇപ്രക അക്കൌണ്ട് ചെയ്തിട്ടുള്ളത്. 74 വൌച്ചറുകളിലായി 7,54,56,518/- (ഇതിൽ 6,56,18,339/- സർക്കാർ റിഡംഷൻ തുകയാണ്). രൂപയുടെ ചെലവുകളാണ് ഇപ്രകാരം അക്കൌ ചെയ്തിട്ടുള്ളത്. ഓരോ വർഷത്തെ ചെലവുകളും അതാത് വർഷം അക്കൗണ്ട് ചെയ്യാതെ അ വർഷം രണ്ട് മാസം കഴിഞ്ഞ് അക്കൌണ്ട് ചെയ്യുന്നതിന് മറുപടി നല്കേണ്ടതാണ്.

ഈ വൌച്ചറുകൾ എല്ലാം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 41/13-12-24 – ന് മറുപടി ലഭിച്ചില്ല.

## 1-32 കാരിക്കശ്ശേരി വെസ്റ്റ് ലിങ്ക് റോഡ് - റീ കോൺക്രീറ്റിംഗ്, കവർ സ്ലാബ് - സ്ലാബ് അധികം കമ്പി ഉപയോഗിച്ചത് അധികം നൽകിയ 51,293/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രവൃത്തി | കാരിക്കശ്ശേരി വെസ്റ്റ് ലിങ്ക് റോഡ് - റീ കോൺക്രീറ്റിംഗ്, കവർ സ്ലാബ് |
| പ്രൊജക്ട് | S00151/24 |
| നിർവഹണോദ്യോസ്ഥൻ | അസ്സി. എൻജിനിയർ |
| എസ്റ്റിമേറ്റ് | 2,74,000/- |
| കരാറുകാരൻ | ജോളി കെ എസ്. |
| ആകെ ചെലവ് | Rs. 2,01,797 -(Bill No. 397, 13/2/24 - Rs. 27,297) (Bill No. 400, 14/2/24 - Rs. 1,74,000) |

കാരിക്കശ്ശേരി വെസ്റ്റ് ലിങ്ക് റോഡ് - റീ കോൺക്രീറ്റിംഗ്, കവർ സ്ലാബ് പ്രവൃ നടപ്പാക്കുന്നതിന് കോൺക്രീറ്റ് സ്ലാബിന് കമ്പി അധികം ഉപയോഗിച്ച ഇനത്തിൽ കരാറുക നൽകിയ തുക 51,293/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-3 ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-33 വിവിധ കാനകൾ ക്ലീനിംഗ് - വാർഡ് - 14 ചെയ്ത പ്രവൃത്തിയേക്കാൾ അധികം തു നൽകിയത് 1,38,806/-രൂപ നിരാകരിക്കുന്നു. ഉദ്യോഗസ്ഥന് എതിരെ നടപടി സ്വീകരിക്കേണ്ടതാണ്.**

| | |
|---|---|
| പ്രവൃത്തി | വിവിധ കാനകൾ ക്ലീനിംഗ് - വാർഡ് - 14 |
| പ്രൊജക്റ്റ് | S00144/24 |
| നിർവഹണോദ്യോഗസ്ഥൻ | അസ്സി. എൻജിനിയർ |
| എസ്റ്റിമേറ്റ് | 2,50,000/- |
| കരാറുകാരൻ | ആന്റണി കെ പി |
| ആകെ ചെലവ് | Rs.2,70,000.00 Bill No. 98, 27-7-2023 |

വിവിധ കാനകൾ ക്ലീൻ ചെയ്യുന്ന മേൽ പ്രവൃത്തിയിൽ പെടുത്തി സ്ലാബ് പിടിച്ചിട്ടതിന് കൂലി ഇനത്തിൽ 99787/- രൂപയും സ്ലാബ് നിർമാണത്തിൽ കമ്പി ഉപയോഗിച്ച ഇനത 39,019/- രൂപയും അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ 138806/- രൂപ ഓഡി നിരാകരിക്കുന്നു. വിശദാംശങ്ങൾ ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-34 എസ്റ്റിമേറ്റിനേക്കാൾ വളരെയധികം സ്ലാബ് പണിതത് ആവശ്യകത വ്യക്തമല്ല.**

| | |
|---|---|
| പ്രവൃത്തി | പെരുമാൾ പടി വെസ്റ്റ് റോഡ് - റീ കോൺക്രീറ്റിംഗ്, കവർ സ്ലാബ് |
| പ്രൊജക്റ്റ് | S00192/24 |
| എസ്റ്റിമേറ്റ് | 3,60,000/- |
| നിർവഹണോദ്യോസ്ഥൻ | അസ്സി. എൻജിനിയർ |
| കരാറുകാരൻ | ശ്രീ.ജോളി കെ എസ്. |
| ആകെ ചെലവ് | Rs. 3,33,037/- (Bill No. 120, 178-23 ) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള പൊളിഞ്ഞ് പോയ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനും കാന ഉയർത്തി പൊട്ടി പോയ സ്ലാബ് മാറ്റുകയുമ ഉദ്ദേശിച്ചിരുന്നത്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ താഴെപ്പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. സൈഡ് വാൾ ഉയർത്തുന്നത്- 2 X 125m X 0.15m X 0.2m= 7.50 $M^3$

2. സ്ലാബ് പണിയുന്നത് (11.4.4.) - 15 X 0.70m X 0.50m X 0.10m= 0.525$m^3$

3. സ്ലാബിന് ആവശ്യമായ കമ്പി - 0.525$m^3$ X 90 Kg/$M^3$ = 0.047 Tonne

പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം ടി ഇനങ്ങൾ ചെയ്തതിന്റെ വിവരം താഴെ കൊടുക്കുന്നു.

1. സൈഡ് വാൾ ഉയർത്തിയത് – 79.86 മീറ്റർ

2. സ്ലാബ് ഇട്ടത് - 156 Nos X 0.7m X 0.5m X 0.1m = 5.460 $M^3$

ഇതിന് ഉപയോഗിച്ച കമ്പി

(10mm) - 156 X 5 X 0.65m X 0.617 Kg/M = 312 Kg

8mm) – 156 X 6 X 0.45m X 0.395 Kg/M = 166 Kg

ആകെ = 478 Kg X 80/Kg = 38240/-

<u>ഓഡിറ്റ് പരാമർശം</u>

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരവും ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരവും 125 മീറ്റർ നീളത്തിൽ പണിത് അവിടെ പൊളിഞ്ഞ് പോയ 7.5 മീറ്റർ നീളത്തിൽ 15 സ്ലാബുകൾ മാത്രം വെക്കുയാണ് പ്രവൃത്തി. എന്നാൽ എം ബുക്ക് പ്രകാരം 78 മീറ്റർ നീളത്തിൽ കാന പണിയു അത്രയും നീളത്തിൽ 156 സ്ലാബ് ഇടുകയും ചെയ്തിരിക്കുന്നു. എസ്റ്റിമേറ്റിനേക്കാൾ കു അളവിൽ കാന പണിയുകയും എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനേക്കാൾ വ അധികം സ്ലാബ് നിർമ്മിക്കുകയും ചെയ്തിരിക്കുന്നു. ഇവിടെയുണ്ടായിരുന്ന പൊട്ടി സ്ലാബിന്റെ കണക്കും കൂടാതെ ഇത്രയും അധികം സ്ലാബ് നിർമ്മിച്ചതും അന്വേഷിച്ച് മറ നല്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12/10-12-24 – ന് മറുപടി ലഭിച്ചില്ല.

## <u>1-35 കൈമൾ ചിറ ഈസ്റ്റ് റോഡ് ടൈൽ വിരിക്കൽ - സ്ലാബ് പിടിച്ചിട്ടതിന് കൂലി നൽകിയത് അപാകത</u>

| | |
|---|---|
| പ്രവൃത്തി | കൈമൾ ചിറ ഈസ്റ്റ് റോഡ് ടൈൽ വിരിക്കൽ |
| പ്രൊജക്ട് | S00277/24 |
| നിർവഹണോദ്യോസ്ഥൻ | അസ്സി. എൻജിനിയർ |
| എസ്റ്റിമേറ്റ് | 5,10,000/- |
| കരാറുകാരൻ | ശ്രീ.ജോസഫ് പി വി |
| ആകെ ചെലവ് | Rs.10,000/- Bill No. 694, 24-11-23,<br>Rs.5,00,000/-, Bill No. 238/10-7-24 |

എസ്റ്റിമേറ്റ് പ്രകാരം 20 മീറ്റർ കോൺക്രീറ്റിംഗ് റോഡ് പൊളിച്ച് മാറ്റി 97 മീറ്റർ നീളത്തി വിരിക്കുകയാണ് പ്രവൃത്തിയിൽ ഉദ്ദേശിച്ചിരുന്നത്. ഇതിലെ എസ്റ്റിമേറ്റിൽ സ്ല പിടിച്ചിടുന്നതിന് പുരുഷ കൂലിയായി 3 എണ്ണം ഉൾപ്പെടുത്തുകയും എം ബുക്ക് പ്രകാരം പു കൂലിയായി 3 No X 1007/E = 3021/- രൂപ നൽകി. ഈ പ്രവൃത്തിയിൽ സ്ലാബ് പ്രവൃത്ത് ഒന്നും ചെയ്തിട്ടില്ല. ആയതിനാൽ സ്ലാബ് പിടിച്ചിടുന്നതിന് കൂലി നൽകിയത് അംഗീകരിക്കു

ഈയിനത്തിൽ നൽകിയ 3021/-രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധ
നൽകിയ ഓഡിറ്റ് എൻക്വയറി നം 16/10-12-2024 – ന് മറുപടി ലഭിച്ചില്ല.

## 1-36 പരുത്തി കടവ് റോഡ് ഫില്ലിംഗ്- GSB മാത്രം ചെയ്യുന്നത്

| | |
|---|---|
| പ്രവൃത്തി | പരുത്തി കടവ് റോഡ് ഫില്ലിംഗ് |
| പ്രൊജക്ട് | S00357/24 |
| എസ്റ്റിമേറ്റ് | 1,47,000/- |
| കരാറുകാരൻ | ശ്രീ.കെ പി ആന്റണി |
| ആകെ ചെലവ് | Rs.1,49,861.00 Bill No. 693, 26-3-24 |

എസ്റ്റിമേറ്റ് പ്രകാരം 98മീറ്റർ 1.45മീറ്റർ വീതിയിൽ 0.30 മീറ്റർ വീതിയിൽ 42.63M$^3$ ഗ്രേ
മെറ്റൽ ഉപയോഗിച്ച് ഗ്രാന്യൂൾ സബ് ബേസ് (GSB) (റോഡ് ഫില്ലിംഗ്)ചെയ്യുകയും അ
പ്രവൃത്തി.

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം GSB (Graded Material) ചെയ്തതിന് 39.98M
3176.61/M$^3$ = 1,27,001/- രൂപ നൽകി. (എസ്റ്റിമേറ്റ് നിരക്ക്- 2917/M$^3$). GSB ചെയ്തതിന് ശേ
ഈ റോഡിൽ തുടർ നിർമ്മാണങ്ങൾ ഒന്നും ഇതുവരെ ചെയ്തിട്ടില്ല. ഏതാണ്ട് 10 മാസം ആ
മെറ്റൽ മാത്രം വിരിച്ച റോഡ് ഇതുവരെ ഒന്നും ചെയ്യാതിരുന്നത് വിശദീകരിക്കേണ്ടതാണ്.
റോഡ് മെറ്റൽ വിരിച്ചിരുന്നോ എന്നും അന്വേഷിച്ച് വിവരം അറിയിക്കേണ്ടതാണ്. ഈ പ
നിലവിൽ ക്ലോസ് ചെയ്തതിനാൽ ഇതിന്റെ അടുത്ത പ്രവൃത്തിയിലും ഇപ്രകാരം ഫില്ല
ചെയ്യാനുള്ള സാഹചര്യമാണ് ഉള്ളത്. റോഡ് പണി പൂർത്തിയാക്കാതെ മെറ്റൽ ഉപയോ
ഫില്ലിംഗ് ചെയ്യുന്ന പ്രവൃത്തി മാത്രം ചെയ്യുന്നത് അംഗീകരിക്കാനാകില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/10-12-24 – ന് മറുപടി ലഭിച്ചില്ല.

## 1-37 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം ലഭ്യമല്ല.

1.

| | |
|---|---|
| പ്രവൃത്തി | എൽ ഐ അലക്സാണ്ടർ ലിങ്ക് റോഡ് തോട് ക്ലീനിംഗ് |
| നിർവഹണോദ്യോഗസ്ഥൻ | അസ്സി. എൻജിനിയർ |
| പ്രൊജക്ട് | S00153/24 |
| എസ്റ്റിമേറ്റ് | 6,00,000/- |
| കരാറുകാരൻ | ശ്രീ.നവാസ് വി കെ |
| ആകെ ചെലവ് | Rs. 3,07,163/- -Bill No. 456, 26/2/24 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം എൽ ഐ അലക്സാണ്ടർ ലിങ്ക് റോഡ് റോഡി
തോടുകളുടെ മണ്ണ് മാറ്റുകയാണ് പ്രവൃത്തി. തോടുകളുടെ ആകെ നീളം 2660 M X 2.222 M (A

0.84m = 4965.00 $M^3$) എസ്റ്റിമേറ്റ് നിരക്ക് 4965.00 $M^3$x 103.85/$M^3$ = 5,15,615/- രൂപ

ഈ പ്രവൃത്തിയിൽ എൽ ഐ അലക്സാണ്ടർ ലിങ്ക് റോഡ് തോടിലെ മണ്ണ് മാറ്റിയതിന് 505
$M^3$ X 60/$M^3$ = 3,03,558.78/- രൂപ നല്കിയിട്ടുണ്ട്.

2.

| | |
|---|---|
| പ്രവൃത്തി | തോട് ക്ലീനിംഗ് ആന്റ് പ്രൊട്ടക്ഷൻ വാൾ റൈസിംഗ് പാപ്പി മെമ്മോറിയൽ റോഡ് |
| പ്രൊജക്ട് | S00222/24 |
| നിർവഹണോദ്യോസ്ഥന് | അസ്സി. എൻജിനിയർ |
| എസ്റ്റിമേറ്റ് | 2,90,000/- |
| കരാറുകാരൻ | ശ്രീ.സന്തോഷ് എ ടി |
| ആകെ ചെലവ് | Rs. 2,60,000/- -Bill No. 243, 4/12/23 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം പാപ്പി മെമ്മോറിയൽ റോഡിലെ 2 തോടുകളുടെ മാറ്റുകയാണ് പ്രവൃത്തി. തോടുകളുടെ ആകെ നീളം 560 M (1. 360m X 1.08 M X 0.6 = 234 M
200 M X 4.00m X 0.9m = 720 $M^3$ ) എസ്റ്റിമേറ്റ് നിരക്ക് 954 $M^3$ X 103.85/$M^3$ = 99073/-

ഈ പ്രവൃത്തിയിൽ തോടിലെ മണ്ണ് മാറ്റിയതിന് 893.614 $M^3$ X 103.85/$M^3$ = 92,802/- നല്കിയിട്ടുണ്ട്.

3.

| | |
|---|---|
| പ്രവൃത്തി | ടി ടി സേവ്യർ മാസ്റ്റർ തോട് ക്ലീനിംഗ് വാർഡ് -8 |
| പ്രൊജക്ട് | S00222/24 |
| എസ്റ്റിമേറ്റ് | 3,90,000/- |
| കരാറുകാരൻ | ശ്രീ.സന്തോഷ് എ ടി |
| ആകെ ചെലവ് | Rs. 2,75,660 Bill No. 395, 132024 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ടി ടി സേവ്യർ മാസ്റ്റർ റോഡിലെ നാല് തോടുക മണ്ണ് മാറ്റുകയാണ് പ്രവൃത്തി. തോടുകളുടെ ആകെ നീളം 2350m X 1.7988m (Av) X 0.825
3487.50 $M^3$) എസ്റ്റിമേറ്റ് നിരക്ക് 3,487.50 $M^3$x 103.85/$M^3$ = 3,62,177/- രൂപ

ഈ പ്രവൃത്തിയിൽ തോടിലെ മണ്ണ് മാറ്റിയതിന് 3,463.794 $M^3$ X 76.50/$M^3$ = 2,64,980/- നല്കിയിട്ടുണ്ട്.

മേൽ പറഞ്ഞ പ്രവൃത്തികളിൽ ഇത്രയധികം മണ്ണ് മാറ്റിയത് എപ്രകാരം വിനിയോ എന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല 3 പ്രവൃത്തികളിലും മണ്ണ് മാറ്റിയത് നിരക്കാണ് നൽകിയിരിക്കുന്നത്. 2-ാമത്തെ പ്രവൃത്തിക്കായി എസ്റ്റിമേറ്റ് നിരക്കും മറ്റ് പ്രവൃത്തികളിലും കുറഞ്ഞ നിരക്കുമാണ് നൽകിയിരിക്കുന്നത്. ഇപ്രകാരമുള്ള മണ്ണ് വിനിയോഗവിവരവും ലഭ്യമല്ല. ഇക്കാര്യങ്ങൾക്ക് വിശദീകരണം ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 7/10-12-2024 – ന് മറുപടി ലഭിച്ചില്ല.

## 1-38 പി ജെ പ്രിൻസ് റോഡ്, കവർ സ്ലാബ് - അധികം കമ്പി ഉപയോഗിച്ചത്

| | |
|---|---|
| പ്രവൃത്തി | പി ജെ പ്രിൻസ് റോഡ്, കവർ സ്ലാബ് |
| പ്രൊജക്ട് | S00145/24 |
| എസ്റ്റിമേറ്റ് | 20,09,854/- |
| നിർവഹണോദ്യോഗസ്ഥൻ | അസ്സി. എൻജിനിയർ |
| എം ബുക്ക് | 88/22-23, 89/22-23 |
| കരാറുകാരൻ | ശ്രീ.ജോബി കെ എസ് |
| ആകെ ചെലവ് | Rs.16,82,622/-, Bill No. 54,26/6/23 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം നിലവിലെ 146.25 മീറ്റർ കാന പണിത് സ്ലാബ് ഇടു അത്രയും നീളത്തിൽ റോഡ് കട്ട വിരിക്കുകയും ആണ് പ്രവൃത്തി.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ചില പ്രവൃത്തികൾ താഴെ കൊടുക്കുന്നു

1. സ്ലാബ് പണിയുന്നത് (11.4.4.) - 300 Nos X 0.70m X 0.50m X 0.15m = 15.75 $M^3$

2. സ്ലാബിന് ആവശ്യമായ കമ്പി - 15.75 $M^3$x 0.130 Tonne/$M^3$ = 2.048 Tonne (Estimate Ra 87981.22/Tonne)

പ്രവൃത്തിയുടെ എംബുക്ക് പ്രകാരം ടി ഇനങ്ങൾ ചെയ്തതിന്റെ വിവരം താഴെ കൊടുക്കുന്നു.

1. സ്ലാബ് പണിതത് -303 Nos X 0.70 M X 0.50m X 0.15m = 15.91 $M^3$

2. ഇതിന് ഉപയോഗിച്ച കമ്പി

10mm കമ്പി – (303 X 5) X 1.65 M X 0.617 Kg / M = 1542.34 Kg

8 Mm കമ്പി – 303 X 2 X 6 X 0.45m X 0.395 Kg / M = 646.29 Kg

ആകെ 2188.63 Kg X 81/Kg = 1,77,279/- രൂപ

ഓഡിറ്റ് പരാമർശം

എസ്റ്റിമേറ്റ് പ്രകാരം ഒരു എം$^3$ – ന് 130 കിലോ കമ്പി കണക്കാക്കുകയും എന്നാൽ എം പ്രകാരം ഒരു എം $^3$ – ന് 137.5 കിലോ കമ്പി ഉപയോഗിക്കുകയും ചെയ്തിരിക്കുന്നു. എസ്റ്റിമേ സാധാരണ അളവിലും കൂടുതൽ കമ്പിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എം ബുക്ക് പ്ര അതിലും അധികം കമ്പി ഉപയോഗിച്ചിരിക്കുന്നു. ഇത്രയും അധികം കമ്പി ഉപയോഗിച്ച വിശദീകരണം ഹാജരാക്കേണ്ടതാണ്.

